# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 11/1711/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 21/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 11/1711/23 തീയ്യതി: 21/12/2023

## തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 62 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ ( ഹ ഗ്രേ) | 25-10-2023 | 02-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2023 | 02-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ലിഷ .കെ.വി, ഓഡിറ്റ് ഓഫീസർ

ശാലിനി .വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സ്വപ്ന .എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

റീന .ആർ, ഓഡിറ്റർ

ദേവിക .പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേന്ദ്രൻ.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്യാംകുമാരൻ.ആർ | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ദീപ.എം.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 09-10-2022 |

| | | | |
|---|---|---|---|
| മിനി.ജി | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഭിജിത്ത്. യു.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 27-09-2022 |
| അനോജ് കുമാർ.പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 31-03-2023 |
| ഡോ.സൈജു. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശശികല.എം.എസ് | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| സനൽകുമാർ . എം | ഡയറി എക്സ്ടെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ബീന.ജെ.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ബാസിമ ബീഗം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| നൌഫൽ.എ.ജെ | വി ഇ ഒ സർക്കിൾ 1 | 01-04-2022 | 18-11-2022 |
| നിഹാദ്.എ.വി | വി ഇ ഒ സർക്കിൾ 1 | 19-11-2022 | 31-03-2023 |
| അജേഷ്.സി.വി | വി ഇ ഒ സർക്കിൾ 2 | 01-04-2022 | 19-07-2022 |
| നിഹാദ്.എ.വി | വി ഇ ഒ സർക്കിൾ 2 | 19-07-2022 | 31-03-2023 |
| ദീപ.എം.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 15-11-2022 |
| കൃഷ്ണകുമാർ.എസ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 16-11-2022 | 31-03-2023 |
| ഡോ.അശ്വതി. എസ്. | മെഡിക്കൽ ഓഫീസർആയുർവേദം | 01-04-2022 | 31-05-2022 |
| ഡോ.രജനി.ആർ.വി | മെഡിക്കൽ ഓഫീസർആയുർവേദം | 01-06-2022 | 31-03-2023 |
| ഡോ.ഷീജ.എം.പി | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 27-04-2022 |
| ഡോ.അഞ്ജന .ജെ.നായർ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 28-04-2022 | 12-05-2022 |
| ഡോ.ചിന്ത സുകുമാരൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 13-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചില്ല | 1-1-1 |
| 3 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു | 1-1-7 |
| 9 | ലിറ്ററസി സ്കീം ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-8 |
| 10 | കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | പാർട്ട് ബിൽ ആയി നൽകിയ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ | 1-1-11 |
| 13 | എസ് ബി ഐ (അക്കൌണ്ട് നമ്പർ 37288078872) 2021-22 വർഷത്തെ നീക്കിയിരിപ്പ് 2022-23-ലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-13 |
| 15 | വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം- വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-14 |
| 16 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം Investments- Equity Shares ഇനത്തിൽ 46675/- രൂപ നീക്കിയിരിപ്പ് | 1-1-15 |
| 17 | Contractors'Security Deposits ഇനത്തിലെ രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ഡിസിബി സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ | 1-4-1 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-6 |
| 27 | മരണം മറ്റ് പ്രാദേശിക സർക്കാരുകളിൽ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല | 1-6-1 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 31 | പോർട്ട് ലാന്റ് സിമന്റ്- സർക്കുലർ നിർദ്ദേശത്തിലുള്ളതിനേക്കാൾ കൂടുതൽ തുക നൽകി | 1-9-1 |
| 32 | മെറ്റീരിയലുകൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകളും എം.ബുക്ക് പ്രകാരം നൽകിയ നിരക്കുകളും വ്യത്യസ്തം | 1-9-2 |
| 33 | തൊഴിലുറപ്പ് പദ്ധതി -അപാകതകൾ | 1-9-3 |
| 34 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 35 | ലേലം പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-11 |
| 36 | മാർക്കറ്റ് സ്റ്റാൾ ഉപയോഗയോഗ്യമാക്കി ലേലം ചെയ്യേണ്ടതാണ് | 1-11-1 |
| 37 | ബസ് സ്റ്റാന്റ് ഗ്രൗണ്ട് ലേലം- ലേലം ചെയ്ത കാലയളവ് പൂർണമായി ഉപയോഗിക്കാത്തതിനാൽ | 1-11-2 |

| | | |
|---|---|---|
| | ലേല തുക ഈടാക്കിയതിൽ നഷ്ടം | |
| 38 | ലേലത്തുക പൂർണമായും അടവാക്കിയില്ല- റവന്യൂ റിക്കവറി നടപടികൾ | 1-11-3 |
| 39 | പാപ്പാല ഗവ.എൽ.പി.എസ് പഴയ കെട്ടിടം പൊളിച്ചു നീക്കിയത്- ലേല ഡയറി ലഭ്യമാക്കേണ്ടതാണ് | 1-11-4 |
| 40 | മുറിച്ചുമാറ്റിയ ശിഖരങ്ങളുടെ ലേലം- തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-11-5 |
| 41 | ബസ് സ്റ്റാന്റ് പാർക്കിംഗ് ഫീസ് പിരിവ്, ടോയലറ്റ് യൂസർ പിരിവ് എന്നിവയുടെ അവകാശത്തിന്റെ ലേലം-അപാകം | 1-11-6 |
| 42 | വാടക കുടിശ്ശിക | 1-12 |
| 43 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-13 |
| 44 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 1-13-1 |
| 45 | മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് | 1-13-2 |
| 46 | യന്ത്രത്തിന്റെ പ്രവർത്തനത്തിന് ഫീസ് ഈടാക്കിയിട്ടില്ല | 1-13-3 |
| 47 | കശാപ്പുശാല ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13-4 |
| 48 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13-5 |
| 49 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-14 |
| 50 | ക്വാറിയുടെ നടത്തിപ്പിനുള്ള ലൈസൻസ്- സി എസ് ആർ പ്രവർത്തനങ്ങളുടെ രേഖകൾ ലഭ്യമാക്കിയില്ല | 1-15 |
| 51 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകത | 1-16 |
| 52 | സമത്വതീരം ശ്മശാനം- രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത | 1-17 |
| 53 | നികുതി വരുമാന ശേഖരണം - അവലോകനം | 1-18 |
| 54 | വസ്തു നികുതി ശേഖരണം- അപാകതകൾ | 1-19 |
| 55 | തൊഴിൽ നികുതി - അപാകങ്ങൾ | 1-20 |
| 56 | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി പദ്ധതി നിർവഹണത്തിൽ അപാകം | 1-21 |
| 57 | ഹെൽത്ത് ഗ്രാന്റ് പദ്ധതി നിർവഹണം വാങ്ങൽ നടപടിക്രമത്തിന്റെ രേഖകൾ ഹാജരാക്കിയില്ല, ഫർണിച്ചർ ലഭ്യമായില്ല-26993/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 58 | ലാബ് റീ ഏജെന്റ് വാങ്ങൽ– വാങ്ങൽ നടപടിക്രമത്തിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-23 |
| 59 | മൾട്ടി പർപ്പസ് പ്രിന്റർ എ.എം.സി ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല | 1-24 |
| 60 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-25 |
| 61 | തെരുവുവിളക്ക് ഉപകരണങ്ങൾ — സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല | 1-26 |
| 62 | തെരുവുവിളക്ക് പരിപാലനം- അപാകതകൾ | 1-27 |
| 63 | ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി- അധികതുക നൽകി | 1-28 |
| 64 | പഞ്ചായത്തിന് വാഹനം വാങ്ങൽ -അപാകതകൾ | 1-29 |
| 65 | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ | 1-30 |
| 66 | സമത്വതീരം ശ്മശാനം നടത്തിപ്പ് - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 1,43,100/- രൂപ തടസ്സപ്പെടുത്തുന്നു | 1-31 |
| 67 | ഗെയിംസ് ഫെസ്റ്റിവൽ– ചെലവ് രേഖകൾ ആധികാരിക ഉറപ്പാക്കാനായിട്ടില്ല - 57,323/- രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 68 | ഡിജിറ്റൽ സാക്ഷരത ഗ്രാമപഞ്ചായത്ത് വിഹിതം- അപാകതകൾ | 1-33 |
| 69 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ -ചെലവുരേഖകൾ പൂർണ്ണമല്ല - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-34 |
| 70 | AMC- കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും -അപാകതകൾ | 1-35 |
| 71 | ടേക്ക് എ ബ്രേക്ക് -ടോയ് ലറ്റിലേക്ക് വാട്ടർ കണക്ഷൻ–അപാകതകൾ | 1-36 |
| 72 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ–ഷീറ്റ് ഫെഡ് സ്കാനർ വാങ്ങിയോയെന്നതിൽ വ്യക്തതയില്ല | 1-37 |
| 73 | ഫീസിബിളിറ്റിസർട്ടിഫിക്കറ്റ് വിശദാംശം ലഭ്യമല്ല | 1-38 |
| 74 | അഡ്വക്കേറ്റ് ഫീസ്- ഇൻകംടാക്സ് ഈടാക്കിയില്ല | 1-39 |
| 75 | എ.ഇയുടെ വാല്യുവേഷൻ ലഭ്യമാക്കിയില്ല- ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല | 1-40 |

| | | |
|---|---|---|
| 76 | ലൈബ്രറിയിലേയ്ക്ക് പുസ്തകം വാങ്ങൽ- സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല | 1-41 |
| 77 | പഞ്ചായത്ത് ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- നഷ്ടപരിഹാരം അടവാക്കിയതിൽ വ്യകതതയില്ല | 1-42 |
| 78 | പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിൽ എത്തിക്കൽ-വാഹനവാടക-ടെണ്ടർക്ഷണിച്ചോയെന്നതിൽ വ്യക്തതയില്ല. | 1-43 |
| 79 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാധനങ്ങൾ കളവു പോയി-തുടർനടപടി വിവരം ലഭ്യമല്ല | 1-44 |
| 80 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ഭരണസമിതി തീരുമാനത്തിന്റെ തുടർനടപടി വിവരം ലഭ്യമല്ല | 1-45 |
| 81 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ കുടിശ്ശിക-സർക്കാർ അനുമതി ലഭ്യമായോയെന്ന് വ്യക്തതയില്ല | 1-46 |
| 82 | സകർമ്മ മിനിട്സ്- യഥാസമയം അംഗീകാരം തേടുന്നില്ല | 1-47 |
| 83 | ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ- ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല | 1-48 |
| 84 | വയോജനങ്ങൾക്ക് കട്ടിൽ -വിതരണം പൂർത്തിയാക്കിയില്ല- 12560/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-49 |
| 85 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -169554/- രൂപയുടെ മരുന്ന് ലഭിച്ചില്ല | 1-50 |
| 86 | കേദാരം നെൽകൃഷി- അപാകങ്ങൾ | 1-51 |
| 87 | ലൈഫ് - നിർമ്മാണം പൂർത്തിയാക്കിയില്ല | 1-52 |
| 88 | കമ്മററി തീരുമാനത്തിൻ മേലെടുത്ത തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-53 |
| 89 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം - നടപടി അനിവാര്യം | 1-54 |
| 90 | ദുരന്തനിവാരണ പ്രവർത്തനങ്ങൾ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-55 |
| 91 | ആസ്തി സംരക്ഷണം -വിവരങ്ങൾ ലഭ്യമല്ല. | 1-56 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **11.08.23 ലെ 5(1)-ാം നം. ജനറൽ കമ്മിറ്റി** തീരുമാനം പ്രകാരം തയ്യാറാക്കി **16.08.23** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ** 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9 (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസത്തിനകം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക AIMS സോഫ്റ്റ്വെയർ മുഖേന ഓഡിറ്റിന് സമർപ്പിച്ചത് 16.08.2023 നാണ്.

11.08.23 ലെ 5(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരമാണ് അക്കൗണ്ട്സ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. ILGMS വന്നതിനു ശേഷമുള്ള ആദ്യത്തെ എഎഫ്എസ് ആയതിനാൽ പരിചയപ്പെട്ട് വന്നതിലുള്ള കാലതാമസം കാരണമാണ് യഥാസമയം അക്കൗണ്ട്സ് സമർപ്പിക്കാൻ കഴിയാതെ പോയതെന്ന് ഓഡിറ്റ് അന്വേഷണം നം.57/02.11.2023 ന് മറുപടി നൽകിയിരിക്കുന്നു. ഭാവിയിൽ സമയബന്ധിതമായി ഓഡിറ്റിന് വാർഷിക ധനകാര്യപത്രിക സമർപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ILGMS സോഫ്റ്റ് വെയറിൽ അനുപാതങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ലായെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 03/22-23, 25.10.2023 യുടെ മറുപടി).

### 1-1-3 Excess Of Income Over Expenditure നിർണ്ണയിച്ചതു വ്യക്തമല്ല

2022-23 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം 310900101- Excess Of Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 33640150/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 30584669/- ആണ്. ബി-1 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/22-23, 28.10.2023 ന്

സ്റ്റേറ്റ്മെന്റ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയത്. പ്രസ്തുത അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201667/31.03.2023 |
| 110100102 | Property Tax On Non Residential | 42201272/31.03.2023 |
| 110200101 | Profession Tax - Institutions | 42201661/31.03.2023 |
| 110200105 | Profession Tax - Traders | 42201662/31.03.2023 |

ഇത്തരത്തിൽ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുവാൻ സോഫ്റ്റ് വെയറിൽ സംവിധാനം ഇല്ലായെന്നറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (നമ്പർ 03/22-23, 25.10.2023)യുടെ മറുപടി.

### 1-1-5 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷം വിവിധ പദ്ധതികളിലായി വാങ്ങലുകൾ ഉണ്ട്. സ്റ്റോക്ക് മൂല്യാധിഷ്ഠിതമായി ഇനം തിരിച്ച് ഉൾപ്പെടുത്തുന്നതിന് നിലവിൽ സോഫ്റ്റ് വെയറിൽ സംവിധാനമില്ല എന്നും സൌകര്യം ലഭ്യമാകുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (നമ്പർ 03/22-23, 25.10.2023)യുടെ മറുപടി.

### 1-1-6 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള 710477/- തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള 37211554/- തുകയും പൊരുത്തപ്പെടുന്നില്ല. പ്രസ്തുത റിപ്പോർട്ട് സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്നതാണെന്നും അപാകം സംബന്ധിച്ച് ഐ കെ എം നെ അറിയിക്കുന്നതാണെന്നും മറുപടി നൽകി (ഓഡിറ്റ് എൻക്വയറി നമ്പർ 03/22-23, 25.10.2023).

### 1-1-7 വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 16,32,67,825/- രൂപയും, ചെലവ് തുക16,54,73,195/- രൂപയുമാണ്. വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു. വ്യത്യാസം -2205370/-. ഡിപ്രിസിയേഷൻ ചെലവ് ആയി ഉൾപ്പെടുത്തിയതിനാലാണ് വ്യത്യാസം വന്നതെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 03/22-23, 25.10.2023)ക്ക് മറുപടി നൽകി. അപാകം പരിഹരിക്കേണ്ടതാണ്.

### 1-1-8 ലിറ്ററസി സ്കീം ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായ ലിറ്ററസി സ്കീം ഗ്രാന്റ് തുകയുടെ 31/3/23 ലെ നീക്കിയിരിപ്പും അവയുടെ ബാങ്ക് അക്കൌണ്ടിലെ 31/3/23 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബി -4 പ്രകാരം | ബി -17 /ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ പ്രകാരം |
|---|---|---|---|---|
| 1. | 320100197 | Literacy Scheme | 111864 | 0 |

| | | | | | |
|---|---|---|---|---|---|
| | | Grant | | | |

ലിറ്ററസി സ്കീം ഗ്രാന്റിലെ ബി-4 പ്രകാരമുള്ള തുകയായ 111864/- രൂപയിൽ 58069/- രൂപ SBI യുടെ 10444767741 അക്കൌണ്ടിലും ബാക്കി തുക കേരള ബാങ്കിന്റെ 104812803000032 അക്കൌണ്ടിലുമാണ് എന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 03/22-23, 25.10.2023)ക്ക് മറുപടി നൽകി. എന്നാൽ സാക്ഷരതയ്ക്കായി തുടങ്ങിയ അക്കൌണ്ടിലെ നീക്കിയിരിപ്പ് 0 ആണ്. ഉടർ വർഷങ്ങളിൽ അപാകത പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-9 കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഹെഡുകൾ ലഭ്യമല്ലാത്തതിനാലാണ് പ്രൊവിഷൻ രേഖപ്പെടുത്താത്തതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 03/22-23, 25.10.2023 നുള്ള മറുപടി). ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-10 പാർട്ട് ബിൽ ആയി നൽകിയ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-11 (B) ഷെഡ്യൂൾ പ്രകാരം Capital Work In Progress ഇനത്തിൽ രേഖപ്പെടുത്തൽ ഇല്ല. Part Bill സംബന്ധിച്ച് എ ഇ യുടെ റിപ്പോർട്ട് പ്രകാരം 2638472/- രൂപയുടെ പ്രവൃത്തിയാണ് തൻവർഷം Capital Work In Progress ഇനത്തിൽ ഉള്ളത്. പാർട്ട് ബില്ലായി നൽകിയ തുക Capital Work In Progress ഇനത്തിൽ ഉൾപ്പെട്ടതല്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 23/22-23, 28.10.2023. എന്നാൽ എ ഇ യുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress ഇനത്തിലുള്ള തുകയാണ് എന്ന് വ്യക്തമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-1-11 തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ

| ഇനം | മുന്നിരിപ്പ് | വരവ്(RP-30) | ആകെ | ചെലവ് (I-14F) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1169875 | 1169875 | 1166140 | 3711 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 32987000 | 32987000 | 32987000 | - |
| ആകെ | 0 | 34156875 | 34156875 | 34153140 | 3711 |

I. I-14(F) പ്രകാരം ഭരണചെലവുകൾക്കുള്ള തുക 1166140/- ക്യാഷ് ബുക്ക് പ്രകാരം ചെലവ് 1166164/- രൂപയാണ്. 24/- രൂപയുടെ വ്യത്യാസം.

Ii. I-6 പ്രകാരം തൻ വർഷ ചെലവ് തുക 3,41,53,164/- എന്നാൽ I - 14 (C) + I-14(F) പ്രകാരമുള തുക 3,41,53,140/-. 24/- രൂപയുടെ വ്യത്യാസം.

24/- രൂപയുടെ വ്യത്യാസം ബാങ്ക് ചാർജ്ജാണെന്നും 31.03.2023 ലാണ് ഈടാക്കിയതെന്നും ഓഡിറ്റ് എൻക്വയറി (23/22-23, 28.10.2023)ക്ക് മറുപടി നൽകി.

## 1-1-12 എസ് ബി ഐ (അക്കൌണ്ട് നമ്പർ 37288078872) 2021-22 വർഷത്തെ നീക്കിയിരിപ്പ് 2022-23-ലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

എസ് ബി ഐ യിലെ ഇ പേയ്മെന്റ് അക്കൌണ്ടിൽ 2021-22 ലെ RP 40(b) പ്രകാരം നീക്കി യിരിപ്പ് 803090/- രൂപയാണ്. 2022-23 ലെ RP 40(a) പ്രകാരം 803105/- രൂപയാണ്. ഈ വ്യത്യാസം തൻവർഷ RP 40(b) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയിലും വന്നിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (23/22-23, 28.10.2023)ക്ക് മറുപടി നൽകിയിട്ടില്ല. 15 രൂപ വ്യത്യാസം വന്നതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-13 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

RP-4 ഷെഡ്യൂളിൽ 140400199 - Other Fees ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ചില വരവുകൾ തെറ്റായി പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം./തീയതി | തുക | ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം |
|---|---|---|---|
| 1 | 1220202361/19.08.2022 | 250 | 180400101 / Audit Recovery |

ഓഡിറ്റ് എൻക്വയറി (23/22-23, 28.10.2023)ക്ക് മറുപടിയായി വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചു.

### 1-1-14 വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം- വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

വിധവകളുടെ മക്കളുടെ വിവാഹ ധനസഹായമിനത്തിൽ സെക്രട്ടറിയുടെ ബിൽബുക്ക് പ്രകാരം 2022-23 വർഷത്തിൽ 60000/- രൂപ ചെലവുണ്ട്. എന്നാൽ പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയുടെ I-6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. തുക ജേണൽ ചെയ്യാൻ വിട്ടു പോയതിനാലാണ് I-6 ഷെഡ്യൂളിൽ ഉൾപ്പെടാത്തതെന്ന് ഓഡിറ്റ് എൻക്വയറി (23/22-23, 28.10.2023)ന് മറുപടി നൽകി.

### 1-1-15 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം Investments- Equity Shares ഇനത്തിൽ 46675/- രൂപ നീക്കിയിരിപ്പ്

2021-22, 2022-23 എന്നീ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം Investments- Equity Shares ഇനത്തിൽ 46675/- രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകയുടെ വിശദാംശം, ഏത് കാലയളവിലെയാണ്, തുക ഈ ഹെഡ്ഡിൽ നിക്ഷേപിക്കുവാൻ ഉണ്ടായ സാഹചര്യം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (23/22-23, 28.10.2023)ക്ക് മറുപടിയായി സുലേഖയിൽ നിന്നുള്ള ചെലവിനം ഹെഡ് തെറ്റി പോസ്റ്റ് ചെയ്തതിനാലാണ് അപാകം സംഭവിച്ചതെന്നറിയിച്ചു. പ്രസ്തുത അപാകം പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-16 Contractors'Security Deposits ഇനത്തിലെ രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്തിരിക്കുന്ന ഇനത്തിന് രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല.

| ഇനം/ഹെഡ് | മുന്നിരിപ്പ് | വരവ് രജിസ്റ്റർ പ്രകാരം | ചെലവ് | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| | | | | രജിസ്റ്റർ പ്രകാരം | AFS പ്രകാരം |
| Contractors'Security Deposit/ 340100201 | 16500 | 2000 | - | 18500 | 16500 |

വ്യത്യാസമായി വന്ന തുക വരും വർഷത്തിൽ ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (23/22-23, 28.10.2023)ക്ക് മറുപടി നൽകി.

### 1-1-17 ഡിസിബി സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ടും ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ്.എസ് പ്രകാരം | സഞ്ചയയിൽ നിന്നും ലഭ്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
| Residential Building (Current) | 1550528 | 1550528 | 1520089 | 1513979 | 39117 (30439) | 37203 |
| Non-Residential Building (Current) | 3730390 | 3730390 | 3508430 | 3517715 | 184384 | 175539 |
| Residential Building (Arrear) | 750531 | 447877 | 389531 | 392054 | 66957 | 63579 |

| | | | | | | |
|---|---|---|---|---|---|---|
| Non-Residential Building (Arrear) | 1806643 | 1064937 | 790305 | 797364 | 291969 | 277864 |

അപാകം സംബന്ധിച്ച് ഐ കെ എമ്മിനെ അറിയിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (57/22-23, 02.11.2023) ന് മറുപടി നൽകി.

## 1-1-18 അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് നിരീക്ഷണങ്ങൾ

1. 2021-22 B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100201 | Contractor's Security Deposit | 16500 |
| 340100101 | Contractor's EMD | 14560 |
| 340100203 | Bidders' Security Deposit | 211363 |
| 340200199 | Other Deposits | 5000 |
| 340800101 | Deposit Received From Others | 204 |
| 340200106 | Deposit Received From Halls And Auditoriums | 17000 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോ സിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലെന്നും കമ്മിറ്റി തീരുമാനമെടുത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി (നമ്പർ 03/22-23, 25.10.2023)ക്ക് മറുപടി നല്കി. തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല

2021-22, 2022-23 വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം Temporary Advances For Official Purposes എന്ന ഇനത്തിൽ 32273/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത തുക ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്/റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 | 17.02.2023 |
| ഭരണസമിതി തീരുമാനം | 1/1 | 6/1 |
| മുന്നിരിപ്പ് | 18894736 | 18894736 |
| പ്രതീക്ഷിത വരവ് | 323518000 | 319546400 |
| പ്രതീക്ഷിത ചെലവ് | 321761000 | 332993064 |
| നീക്കിയിരിപ്പ് | 20651736 | 5448072 |

## 1-2-1 ബജറ്റ് - അപാകങ്ങൾ

1. ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ ഉൾപ്പെട്ട ബജറ്റുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിനായി ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം - 5/2022-23, 26.10.2023)ക്ക് മറുപടിയായി ഫയൽ ലഭ്യമാക്കിയെങ്കിലും രേഖകൾ പൂർണമായിരുന്നില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യ ത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിൽ പാസ്സാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം - 5/2022-23, 26.10.2023)

3. 2022-23ലെ പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതലായോ കുറവായോ ഉൾപ്പെടു ത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 6000000 | 5280918 |
| 2 | 1102001 | തൊഴിൽ നികുതി | 4000000 | 3487420 |
| 3 | 1303001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 1700000 | 1167228 |

Ii) 22-23ലെ ബജറ്റ്, 22-23ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെ/ വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിലെ ഹെഡ് ഓഫ് അക്കൌണ്ട് ,വാർഷിക ധനകാര്യ പത്രികയിലെ ഹെഡ് ഓഫ് അക്കൌണ്ട് എന്നിവ വ്യത്യസ്തമാണ്. ഐ എൽ ജിഎം എസ് പ്രകാരമുള്ള ബജറ്റ് ഹെഡ് സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഇത്തരത്തിൽ വ്യത്യാസം വന്നതെന്ന് ഓഡിറ്റ് എൻക്വയറി (നം - 5/2022-23, 26.10.2023) ക്ക് മറുപടി നൽകി. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | ഹെഡ് ഓഫ് അക്കൌണ്ട്. | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 2501003 | മറ്റ് കാർഷിക വികസന പരിപാടികൾ | 300000 | 250100301,303, 308,309 | 517500 |
| 2 | - | ഹരിത കേരളം - ഗ്രീൻ ഹൌസ് | - | 250104201 | 149660 |
| 3 | 2501020 | കൃഷിയും അനുബന്ധ മേഖലകളും - വെറ്റില | - | 250102010 ജലസേചനം | 385920 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 18237809 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 63955192 |
| ആകെ | 82193001 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63244715 |
| നീക്കിയിരിപ്പ് | 18948286 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14390964 | 14390964 | 15585236 | -1194272 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10803193 | 10803193 | 10781676 | 21517 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 5633975 | 5633975 | 5085365 | 548610 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2789918 | 2789918 | 2766602 | 23316 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6946700 | 6946700 | 3306785 | 3639915 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6656000 | 6656000 | 6656000 | 0 |
| CSS | 0 | 0 | 0 | 2191961 | -2191961 |
| SSS | 0 | 0 | 0 | 2900000 | -2900000 |

## 1-4-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ടുകളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരം (I-6 + Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15585236 | 13824729 | 15585236 |
| വികസന ഫണ്ട് (എസ് സി പി) | 10781676 | 9898869 | 10781676 |
| വികസന ഫണ്ട് സി എഫ് സി അൺറ്റൈഡ് (ബേസിക് ഗ്രാന്റ്) | 2766602 | 2766602 | 2755290 |
| വികസന ഫണ്ട് സി എഫ് സി റ്റൈഡ് (പെർഫോമൻസ് ഗ്രാന്റ്) | 5085365 | 5085365 | 5096677 |

വ്യത്യാസത്തിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 9/2022-23, 26.10.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് തുകകളിൽ ഇത്തരത്തിൽ വ്യത്യാസം വരാനിടയായ സാഹചര്യം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് |
|---|---|---|---|---|

| | | (മറ്റുള്ളവ ഒഴികെ) | (മറ്റുള്ളവ ഒഴികെ) | % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 6257975 | 4359190 | 69 |
| ഉല്പാദനം | പട്ടിക ജാതി | 675000 | 0 | |
| സേവനം | പൊതുവിഭാഗം | 43438505 | 29172065 | 67 |
| സേവനം | പട്ടിക ജാതി | 23913807 | 12014030 | 50 |
| പശ്ചാത്തലം | പൊതുവിഭാഗം | 15180165 | 11335833 | 75 |
| | പട്ടിക ജാതി | 3713000 | 3447646 | 93 |

ഇത്തരത്തിൽ ചെലവ് കുറയാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/2022-23, 26.10.2023) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ വകയിരുത്തലിനാനുപാതികമായി ചെലവ് ചെയ്യുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3) ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) 15.07.2021-ലെ സ.ഉ (കൈ) നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.4.4 Iv പ്രകാരം മെയിന്റനൻസ് ഫണ്ടിലെ റോഡിതര വിഹിതം, റോഡ് വിഹിതം, എന്നിവ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ) ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്.

| ഫണ്ടിനം | അനുവദിച്ച തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5589000 | 3306785 | 59. 16 |

മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ 59.16% ആണ് ചെലവ് ശതമാനം. പരമാവധി 20% വരെ ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. എന്നാൽ മെയിന്റനൻസ് ഫണ്ട് (റോഡ്) ൽ 20.83% തുക വരുംവർഷത്തിൽ ലാപ്സാകും. ഇത്തരത്തിൽ അനുവദിച്ച തുകയുടെ വിനിയോഗ ശതമാനം കുറയാനുണ്ടായ സാഹചര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/2022-23, 26.10.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി അനിവാര്യ പദ്ധതികൾക്ക് തുക വകയിരുത്തേണ്ടതും ആയത് പൂർണ്ണമായി ചെലവഴിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ബന്ധപ്പെട്ട അധികാരികളുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

5. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100197 | Literacy Scheme Grant | 111864 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats | 229955 |
| 320700405 | Contributions For Specific Purposes (For Revenue Expenditure) -From District Panchayath | 31026 |

പ്രസ്തുത ഗ്രാന്റുകൾ ചെലവഴിക്കുന്നതിനായി തൻ വർഷം പദ്ധതികൾ ഇല്ലാതിരുന്നതിനാലാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി 03/22-23, 25.10.2023). ഗ്രാന്റ് തുകകൾ ചെലവഴിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.


6) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 371,881/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ പ്രവർത്തികൾക്കായി ലഭിച്ചതാണെന്നും ആയത് ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി 19/22-23, 17.10.2023). ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


ഫണ്ട് വിനിയോഗം

1) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 16382000 | 15585236 | 796764 |
| വികസനഫണ്ട് എസ്.സി.പി | 11686000 | 10781676 | 904324 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 6656000 | 6656000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 5589000 | 3306785 | 2282215 |
| **ആകെ** | **40313000** | **36329697** | **3983303** |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | (2021-22 B-4 ഷെഡ്യൂൾ പ്രകാരം) | (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | | (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | (2022-23 B-4 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2300993 | 5633975 | 7934968 | 5085365 | 2849603 | 2388360 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 57584 | 2789918 | 2847502 | 2766602 | 80900 | 226094 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ഏറ്റെടുത്ത ആകെ പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 0 | 2216100 | 2142424 | 97 |
| വെറ്ററിനറി സർജൻ | 8 | 7 | 1 | 2430000 | 1755473 | 72.2 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 15 | 15 | 0 | 4143127 | 3514153 | 85 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 0 | 1265000 | 1265000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19 | 15 | 4 | 35214320 | 15210569 | 43 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 1 | 5589902 | 4625745 | 83 |
| സെക്രട്ടറി | 45 | 35 | 10 | 12094499 | 9560744 | 79 |
| ഹെഡ്മാസ്റ്റർ | 8 | 7 | 1 | 2290841 | 2161408 | 94 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 50 | 41 | 9 | 24741463 | 18114795 | 73 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 0 | 1500000 | 566791 | 38 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 0 | 1693200 | 1411662 | 83 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 18185216 | 15585236 | 85.7 |
| എസ്.സി.പി. | 13331807 | 10781676 | 80.8 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 11532102 | 7851967 | 68.08 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3104824 | 2191961 | 70.59 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 13800000 | 2900000 | 21 |
| തനത് ഫണ്ട് | 6941954 | 5642673 | 81.2 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 4016074 | 1623913 | 40.4 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 7779175 | 3271228 | 42.05 |
| മെയിന്റനൻസ് റോഡ് | 5869000 | 3306785 | 56.3 |
| മെയിന്റനൻസ് റോഡിതരം | 8069000 | 6656000 | 82.4 |
| മറ്റുള്ളവ | 31291950 | 12173453 | 38.90 |
| ആകെ | 124470402 | 72502217 | 58.24 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 173 | 147 | 26 | 124470402 | 72502217 | 58.24 |

**ആസൂത്രണ സമിതി**

മാർഗ്ഗ രേഖയുടെ ഖണ്ഡിക 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആസൂത്രണസമിതി മിനിട്സ് പരിശോധിച്ചതിൽ 15.12.2021, 4.1.2021, 7.1.2022 എന്നീ തീയതികളിൽ ആസൂത്രണസമിതി യോഗം ചേർന്നിട്ടുണ്ടെങ്കിലും മിനിട്സ് ക്ലോസ് ചെയ്തതായി കാണുന്നില്ല. മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിച്ചിട്ടില്ലായെന്ന് മിനിട്സ് പരിശോധനയിൽ കാണുന്നു. ആസൂത്രണസമിതി പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടില്ലായെന്നാണ് ഓഡിറ്റ് എൻക്വയറി നം. 2/25.10.23 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ആസൂത്രണസമിതി നിർദ്ദേശിച്ചിട്ടുള്ള താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/31.1023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

| ആസൂത്രണ സമിതി യോഗം ചേർന്ന തീയതി | ശുപാർശ |
|---|---|
| 15.12.2021 | പഞ്ചായത്ത് കോമ്പൗണ്ടിൽ ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെട്ടിട സമുച്ചയം, പാർക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കണം |
| 15.12.2021 | ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുക |

**വർക്കിംഗ് ഗ്രൂപ്പ്**

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. മേൽ പരാമർശിച്ചിട്ടുള്ള ചുമതലകളൊന്നും തന്നെ നിർവഹിച്ചിട്ടുള്ളതായി കാണുന്നില്ല.

2. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല. വാർഷിക പദ്ധതി ജില്ലാആസൂത്രണസമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി 2/26.10.23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികള്ടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 43/31.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 30.6.2022 | കറവയന്ത്രം വാങ്ങാൻ ക്ഷീരകർഷകർക്ക് 25000/- രൂപ വീതം സബ്സിഡി നിരക്കിൽ 17 പേർക്ക് ലഭ്യമാക്കുക |
| പ്രാദേശിക സാമ്പത്തിക വികസനം | 20.12.2021 | ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് ജീവനോപാധി കണ്ടെത്താൻ ആഗ്രഹിക്കുന്നവരെ പഞ്ചായത്ത് തലത്തിൽ അപേക്ഷ സ്വീകരിച്ച് ഒരു ഏകീകൃതലിസ്റ്റ് പ്രസിദ്ധീകരിക്കുക. ഈ ലിസ്റ്റിൽ നിന്ന് സമാനസ്വഭാവമുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ താല്പര്യമുള്ളവരെ ഉൾപ്പെടുത്തി ഗ്രൂപ്പുകളാക്കി രജിസ്റ്റർ ചെയ്ത് തൊഴിൽ പരിശീലനവും വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഉചിതനടപടികൾ സ്വീകരിക്കുകയും പഞ്ചായത്ത് പരിധിയിലെ ബാങ്കുകളിൽ നിന്ന് വായ്പ ഉൾപ്പെടെയുള്ള സാമ്പത്തിക |

| | | |
|---|---|---|
| | | സഹായങ്ങൾ നൽകുന്നതിന് പദ്ധതി ആസൂത്രണം ചെയ്യുക |
| പട്ടികജാതി/പട്ടിക വർഗ്ഗ വികസനം | 20.12.2021 | Sc/ST വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന കന്നുകാലികൾക്ക് സൌജന്യ ഇൻഷ്വറൻസ് പദ്ധതിയും ഗർഭിണി പശുക്കൾക്ക് സൗജന്യമായി തീറ്റ നൽകുന്ന പദ്ധതിയും നടപ്പിലാക്കണം. ഒന്നിലധികം കന്നുകാലികളെ വളർത്തുന്ന കർഷകർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണന നൽകണം |
| ആരോഗ്യം | 7.1.2022 | ആയുർവേദ ആശുപത്രിയിൽ രോഗികൾക്ക് ടോയ്‌ലറ്റ് ഉപയോഗിക്കാൻ കഴിയുംവിധം പുനർനിർമ്മിക്കണം |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെപ്പറയുന്ന പ്രശ്നങ്ങളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | കൃഷി | ഗുരുതരം | കാട്ടുപന്നികളേയും കുരങ്ങുകളേയും കൊന്നൊടുക്കാൻ കഴിയാത്ത അവസ്ഥ |
| 2 | പ്രാദേശിക സാമ്പത്തിക വികസനം | ഗുരുതരം | വിപണികളുടെ അഭാവം |
| 3 | ദാരിദ്ര്യലഘൂകരണം | അതീവ ഗുരുതരം | അതിദാരിദ്ര്യം അനുഭവിക്കുന്നവർ |
| 4 | സാമൂഹ്യനീതി | ഗുരുതരം | യഥാസമയം സേവനങ്ങൾ ലഭിക്കാത്തത് |
| 5 | ജെൻഡറും വികസനവും കുട്ടികളുടെ വികസനവും | ഗുരുതരം | സ്ത്രീകളുടെ മാനസിക ആരോഗ്യപ്രശ്നങ്ങൾ, അവരുടെ കുടുംബം അനുഭവിക്കുന്ന പ്രശ്നങ്ങൾ |

പ്രസ്തുത വിഷയങ്ങളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഗ്രാമസഭ</u>

1) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണനയും നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

2) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 2 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

4) മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

5) മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയുടെ അഭാവത്തിൽഉറപ്പാക്കാനായിട്ടില്ല.

7) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കുന്നതിന് എടുത്ത നടപടികൾ സംബന്ധിച്ച വിശദാംശം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.2 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ Corporate Social Responsibility Fund പഞ്ചായത്തിന്റെ പുരോഗതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

8) മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല

പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹികനീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതിരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും, ഗ്രാന്റുകൾ പാഴാകാതിരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും മാർഗ്ഗരേഖപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | - | - |
| കർഷക തൊഴിലാളി പെൻഷൻ | 3252800 | 272 |
| വിധവാപെൻഷൻ | 15478900 | 1490 |
| വാർദ്ധക്യകാല പെൻഷൻ | 27498000 | 2629 |
| വികലാംഗ പെൻഷൻ | 3429400 | 315 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 331200 | 32 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-6-1 മരണം മറ്റ് പ്രാദേശിക സർക്കാരുകളിൽ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല

ധനകാര്യ വകുപ്പിന്റെ 02.08.2021ലെ സർക്കുലർ നമ്പർ 63/2021/ധന പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10ാം തീയതിക്ക് മുൻപായി അറിയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ പരിശോധനക്ക് ഹാജരാക്കിയ 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള Death Register ൽ ആധാർ രേഖകൾ സ്ഥാപനം ലഭ്യമാക്കിയിരുന്നില്ല. 2023 ജനവരി മുതലുള്ള Death Register ലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ ചേർത്തിരിക്കുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് യഥാസമയം മരണം മറ്റ് പ്രാദേശിക സർക്കാരുകളിൽ റിപ്പോർട്ട് ചെയ്യാത്തതിനാൽ മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അറിയിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്( ഓഡിറ്റ് എൻക്വയറി നം. 55 / 2022-23, 02.11.2023) മരണം സെക്ഷനിൽ രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ ഫോൺ മുഖേന അറിയിക്കാറുണ്ടെന്നും പഞ്ചായത്തുകളിൽ കത്ത് മുഖേനയും അറിയിക്കാറുണ്ടെന്നും പട്ടികയിലെ ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങൾ അറിയാൻ കഴിയാത്തതിനാലാണ് അറിയിക്കാൻ സാധിക്കാത്തതെന്നും അറിയിച്ചു.

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | പെൻഷൻ അനുവദിച്ച തദ്ദേശ സ്ഥാപനം | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|---|---|---|
| 1 | രാധ എൻ - RADHA N | 103200600885 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 22-12-2022 | കൊല്ലം - മൈലം ഗ്രാമ പഞ്ചായത്ത് | ആക്ടീവ് | June-2023 | 3600 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | രാധ എൽ - Radha L | 101730600309 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 22-01-2023 | തിരുവനന്തപുരം - ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | ആക്ടീവ് | June-2023 | 9600 |
| 3 | പാത്തുമ്മബീവി.എസ് - Pathummabeevi.S | 102490200670 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 03-03-2023 | തിരുവനന്തപുരം - പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് | ആക്ടീവ് | June-2023 | 6400 |

മേൽപ്പറഞ്ഞ ധനവകുപ്പ് സർക്കുലറിലെ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2023 തീയതിയിൽ 3.10 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 88194/- ( എൺപത്തി എട്ടായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുകയും ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന വിഷയങ്ങളിൽ കൂടി ശ്രദ്ധ പുലർത്തുന്നത് ഉചിതമായിരിക്കും.

**1)** ആസ്തി രജിസ്റ്റർ പൂർണമായും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ റോഡ് ആസ്തികൾ മാത്രമെ കാലികമാക്കിയിട്ടുള്ളു.

**2)** ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
**3)** ബസ് സ്റ്റാന്റ് ഗ്രൌണ്ട് ലേലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ തനതു വരുമാനത്തിന് നഷ്ടം ഉണ്ടാകുന്ന തരത്തിലുള്ള വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ലേലവുമായി ബന്ധപെട്ട് അപാകങ്ങൾ നിലനിൽക്കുന്നു.
4) വാടക കുടിശ്ശിക ഇനത്തിലുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കശാപ്പ് ശാലകളുടെ പ്രവർത്തനം സംബന്ധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
5) റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
6) ക്വാറി ലൈസൻസുള്ള വ്യക്തികൾ സി എസ് ആർ പ്രവർത്തനം നടത്തുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.
7) പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും 2013-14 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഈടാക്കുവാനുള്ളതായി കണ്ടു. അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാനുള്ളതായി കാണുന്നു.
8) തെരുവു വിളക്ക് പരിപാലനവുമായി ബന്ധപെട്ട അപാകങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്.
9) പഞ്ചായത്ത് ബസ് സ്റ്റാന്റിനായി സ്ഥലമേറ്റെടുത്തത് സംബന്ധിച്ചുള്ള കേസുകളിൽ തുക അടവാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തത കുറവുണ്ട്.
10) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിൽ നിന്നും വസ്തുക്കൾ കളവുപോയതായി റിപ്പോർട്ട് ചെയ്തതായി കാണുന്നു.
11) പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും വിവിധ വാങ്ങൽ പ്രക്രിയകൾ സുതാര്യവും സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുന്നതുമായിരിക്കണം.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് (RP- 30) | ആകെ | ചെലവ് (I-14F) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1169875 | 1169875 | 1166140 (1166164 ) | 3711 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 32987000 | 32987000 | 32987000 | - |
| **ആകെ** | **0** | **34156875** | **34156875** | **34153140** | **3711** |

I. I-14 (F) പ്രകാരം ഭരണചെലവുകൾക്കുള്ള തുക 1166140/- ക്യാഷ് ബുക്ക് പ്രകാരം ചെലവ് 1166164/- രൂപയാണ്. 24/- രൂപയുടെ വ്യത്യാസം വരാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

Ii. I-6 പ്രകാരം തൻ വർഷ ചെലവ് തുക 3,41,53,164/- എന്നാൽ I-14 (C) + I-14(F) പ്രകാരമുള്ള തുക 3,41,53,140/-. 24/- രൂപയുടെ

വ്യത്യാസം.അപാകം സംബന്ധിച്ച വിശദാംശം 1-1-12 ആയി ചേർത്തിട്ടുണ്ട്.

### 1-9-1 പോർട്ട് ലാന്റ് സിമന്റ്- സർക്കുലർ നിർദ്ദേശത്തിലുള്ളതിനേക്കാൾ കൂടുതൽ തുക നൽകി

1. എം.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്തിൽ, SECURE Software- ൽ സിമന്റിന് ഉള്ള LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് റേറ്റ് പരമാവധി 430/- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സമാൻ, SECURE Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്ന് 08.07.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

26.07.2021 ലെ 957/E.G.S/16/REGS നം. സർക്കുലർ പ്രകാരം ആസ്തി നിർമ്മാണ പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയ്ക്കും ആവശ്യം ഉള്ള സാധനസാമഗ്രികൾ സൈറ്റിൽ എത്തിയാലുടൻ ബന്ധപ്പെട്ട എഞ്ചിനീയർ/ ഓവർസിയർ അവ സ്റ്റാക്ക് ചെയ്യുന്നതിനും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ കൃത്യമായി എംബുക്കിൽ രേഖപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ അളവുകൾ എംബുക്കിൽ രേഖപ്പെടുത്തി കഴിഞ്ഞാൽ അവ വിതരണം ചെയ്ത വിതരണക്കാരനെ അളവുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും ടിയാന്റെ ഒപ്പ് എം.ബുക്കിൽ രേഖപ്പെടുത്തുകയും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷനിലും ഗുണനിലവാരത്തിലുമുള്ള സാധനങ്ങളാണോ ഉപയോഗിച്ചിട്ടുള്ളതെന്ന് ഉറപ്പു വരുത്തിയതിനു ശേഷം ഓരോ സാധനവും എത്രഅളവിൽ ചെലവായി എന്ന വിവരം എം.ബുക്കിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | എഗ്രിമെന്റ് പ്രകാരം പോർട്ട് ലാന്റ് സിമന്റ് ഒരു ചാക്കിന് നൽകിയ തുക, തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | മണലേത്തുപച്ച നെല്ലിക്കുന്നു റോഡ് നിർമ്മാണം | RC/357717 | മേയ്ഫെർ | 572.75<br>തീയതി 8.12.2022<br>ആകെ മെറ്റീരിയൽ തുക 411941/- | ഐറ്റം റേറ്റ് BOQ പ്രകാരം 1 ടൺ സിമന്റിന് 11455/- രൂപ നിരക്കിൽ ആണ് ടിയാൻ ക്വാട്ട് ചെയ്തിട്ടുള്ളത്. Mbook ൽ പ്രസ്തുത ഐറ്റം സ്റ്റാക്ക് ചെയ്തതിന്റെ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. |
| 2 | കാനാറ മാത്തിക്കുന്ന് റോഡ് കോൺക്രീറ്റ് | രേഖപ്പെടുത്തിയിട്ടില്ല | മേയ്ഫെർ | 572.75<br>തീയതി 8.12.2022<br>ആകെ മെറ്റീരിയൽ തുക 247924.4234 | ഐറ്റം റേറ്റ് BOQ പ്രകാരം 1 ടൺ സിമന്റിന് 11455/- രൂപ നിരക്കിൽ ആണ് ടിയാൻ ക്വാട്ട് ചെയ്തിട്ടുള്ളത്. Mbook ൽ പ്രസ്തുത ഐറ്റം സ്റ്റാക്ക് ചെയ്തതിന്റെ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. |
| 3 | കരിക്കകം കാനാറകോളനി ഇടവഴി പുനരുദ്ധാരണം | രേഖപ്പെടുത്തിയിട്ടില്ല | മേയ്ഫെർ | 572.75<br>തീയതി 8.12.2022<br>ആകെ മെറ്റീരിയൽ തുക 247924 | ഐറ്റം റേറ്റ് BOQ പ്രകാരം 1 ടൺ സിമന്റിന് 11455/- രൂപ നിരക്കിൽ ആണ് ടിയാൻ ക്വാട്ട് ചെയ്തിട്ടുള്ളത്. Mbook ൽ പ്രസ്തുത ഐറ്റം സ്റ്റാക്ക് ചെയ്തതിന്റെ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. |

മേൽ നിർദ്ദേശങ്ങൾ പാലിച്ച് പോർട്ട് ലാന്റ് സിമന്റിന്റെ തുക കരാറുകാർക്ക് നൽകാത്തതിനും മെറ്റീരിയലുകൾ സ്റ്റാക്ക് ചെയ്തത് എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്താത്തതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

2. റോഡ് കോൺക്രീറ്റ് പോലുള്ള മരാമത്ത് പ്രവൃത്തികളിൽ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല. മറ്റ് പ്രവൃത്തികളിൽ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.51/01.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-9-2 മെറ്റീരിയലുകൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകളും എം.ബുക്ക് പ്രകാരം നൽകിയ നിരക്കുകളും വ്യത്യസ്തം

പ്രവൃത്തിയുടെ പേര്- കരിക്കകം കാനാറ ,കോളനി ഇടവഴി പുനരുദ്ധാരണം

എം.ബുക്ക് നം. -രേഖപ്പെടുത്തിയിട്ടില്ല

കരാറുകാരൻ- മേയ്ഫെയർ

പ്രസ്തുത പ്രവൃത്തിയിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി കരാറിലേർപ്പെട്ടിട്ടുള്ള കരാറുകാരൻ ഐറ്റം റേറ്റ് BOQ പ്രകാരം ക്വാട്ട് ചെയ്തിട്ടുള്ള തുകയ്ക്ക് അനുസൃതമായല്ല എം.ബുക്ക് പേജ് നം. 9 ൽ നിരക്കുകൾ കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ

| മെറ്റീരിയൽ ഇനം | ഐറ്റം റേറ്റ് BOQ പ്രകാരം ക്വാട്ട് ചെയ്തിട്ടുള്ള നിരക്ക് | എം.ബുക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് | Mbook പ്രകാരം മെററീരിയലിന്റെ അളവ് |
|---|---|---|---|
| 10mm Metal | 3000/cubic Meter | 3045/cubic Meter | 3.67m3 |
| 20mm Metal | 2590/cubic Meter | 2625 /Cubic Meter | 7.34m3 |
| 40mm Metal | 2280/cubic Meter | 2310/cubic Meter | 17.35m3 |
| Sand | 3290/cubic Meter | 3360/cubic Meter | 14.85m3 |
| Cement | 11455/tonne | 11520/tonne | 10.68tonne |

എം.ബുക്ക് പേജ് നം. 9 പ്രകാരം മെറ്റീരിയൽ സപ്ളൈ ചെയ്തയിനത്തിൽ ആകെ ചെലവ് 243479.15 രൂപയാണ്. എന്നാൽ ബിൽ നം. 224, 225, 226 എന്നിവ പ്രകാരം 7.12.2022 ൽ മെറ്റീരിയൽ വിതരണം ചെയ്ത ഇനത്തിൽ കരാറുകാരന് നൽകിയിരിക്കുന്നത് 247924.4234 രൂപയാണ്. ഇ-ടെണ്ടറിൽ ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതൽ നിരക്കിൽ എം.ബുക്ക് പ്രകാരം മെറ്റീരിയൽ സപ്ളൈ ചെയ്ത ഇനത്തിൽ കരാറുകാരന് തുക കണക്കാക്കിയതിനും അതിനേക്കാൾ കൂടുതൽ തുക ബില്ലുകൾ പ്രകാരം കരാറുകാരന് നൽകിയതിനും കാരണം വ്യകതമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 52 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിശോധിക്കേണ്ടതും അധികമായി കരാറുകാരന് തുക നൽകിയിട്ടുള്ള പക്ഷം തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-9-3 തൊഴിലുറപ്പ് പദ്ധതി -അപാകതകൾ

1) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖണ്ഡിക 4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖണ്ഡിക 4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖണ്ഡിക 7.12.5, Annexure VII പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

B. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല. കൂടാതെ, ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്, പ്രോജക്റ്റ് റിപ്പോർട്ട്/ ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

C. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

D. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

E.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ്

റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

F. Muster Roll Movement Slip ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

G. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖണ്ഡിക 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളുടെയും എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എംബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് മുൻപ് തീയതി രേഖപ്പെടുത്താതെ സാക്ഷ്യപ്പെടുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്.

ഉദാ. ആട്ടിൻകൂട് നിർമ്മാണം -ഉഷ അലക്സ്

സബ്സെന്റർ ചീന്താണിക്കോണം റോഡ് നിർമ്മാണം

3) 2022-23 വർഷത്തെ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.6.9 പ്രകാരം തൊഴിലുറപ്പ് പദ്ധതി മുഖേന സർക്കാർ ഭൂമിയിൽ നടപ്പാക്കുന്ന നഴ്സറികൾ കുറഞ്ഞത് 3 വർഷത്തേയ്ക്ക് പരിപാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | എംബുക്ക് നം. | തുക |
|---|---|---|
| ഫലവൃക്ഷങ്ങളുടെ നഴ്സറി വാർഡ് 1 | DP/325155 | 166503 |

മേൽ പ്രവൃത്തി പ്രകാരം ആരംഭിച്ച നഴ്സറിയുടെ പ്രവർത്തനം സംബന്ധിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പദ്ധതി ആരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് നടപ്പിലാക്കിയതെന്ന് സംബന്ദിച്ച വിവരം. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമ്മതപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

4) എം.എൻ.ആർ.ഇ.ജി.എസ് മുഖേന സ്ഥാപിച്ച നഴ്സറികളിൽ ഉത്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് 29.05.2018 ലെ പി.എസ്.2/288/2018/തസ്വഭവ(1) നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരവും ആയതിന്റെ രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

5) 14.09.2018 ലെ 2679/EGS-C/17/REGS നം. കത്ത് പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെയാണ് തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ട ചുമതല ഏൽപ്പിക്കേണ്ടത്. പ്രസ്തുത ഗ്രൂപ്പുകൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. അപ്രകാരമുള്ള കുടുംബശ്രീ സംരംഭക ഗ്രൂപ്പ് 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6) തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പിന്റെ 11.1.2021 ലെ സർക്കുലർ നം. ഡി. ഡി. 2/336/2020/lsgd പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധനയും സാങ്കേതിക പരിശോധനയും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപും പ്രവൃത്തി നടക്കുമ്പോഴും പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞും നടത്തേണ്ടതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 59 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.05.2022 മുതൽ 09.05.2022 വരെ | 01.08.2021 മുതൽ 31.03.2022 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.22 മുതൽ 02.04.2022 വരെ | 2019-20 സപ്ലിമെന്ററി ഓഡിറ്റ് | 25.10.2022 |

## 1-11 ലേലം പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ചുള്ള അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 മാർക്കറ്റ് സ്റ്റാൾ ഉപയോഗയോഗ്യമാക്കി ലേലം ചെയ്യേണ്ടതാണ്

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കിളിമാനൂർ പബ്ലിക് മാർക്കറ്റിലെ സ്റ്റാൾ OMS(O) 3 കൈവശം വെയ്ക്കുന്നതിനുള്ള അവകാശത്തിനുള്ള 04.07.2022 ലെ ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (49/30.10.2023) ടി മാർക്കറ്റ് സ്റ്റാൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ പുനർലേലം ചെയ്തിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. ടി മാർക്കറ്റ് സ്റ്റാൾ ഉപയോഗയോഗ്യമാക്കി ലേലം ചെയ്ത് തനത് വരുമാനത്തിലേക്ക് വരവിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11-2 ബസ് സ്റ്റാന്റ് ഗ്രൗണ്ട് ലേലം- ലേലം ചെയ്ത കാലയളവ് പൂർണമായി ഉപയോഗിക്കാത്തതിനാൽ ലേല തുക ഈടാക്കിയതിൽ നഷ്ടം

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് ഗ്രൗണ്ട് ആറുമാസം കൈവശം വെക്കാനുള്ള അവകാശം 06.07.2022 ന് പ്രതിമാസം 257000/- രൂപക്ക് അക്ബർ കൊന്താലം, പടത്തനാട്ടിൽ ഹൗസ് എന്ന വ്യക്തിക്ക് ലേലം ചെയ്ത് കൊടുത്തിട്ടുണ്ട്. വ്യാപാരി വ്യവസായികളുടെ ആവശ്യങ്ങൾ പരിഗണിച്ച് ഈ സ്ഥലത്ത് ഓണക്കാലത്തിന് ശേഷം ഒക്ടോബർ മാസം മുതൽ മേള നടത്താൻ അനുവദിക്കാനായി 26.08.2022 ലെ ഭരണസമിതി തീരുമാനിച്ചു. തറ നിരപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുകയായ 41515/- രൂപ ലേല വ്യവസ്ഥ പ്രകാരം അടവാക്കാനുള്ള തുകയിൽ നിന്ന് കിഴിവ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ലേലത്തുകയുടെ ആദ്യ ഗഡു ഒക്ടോബർ മാസം ഒടുക്കുവരുത്തുന്നതിൽ ടിയാൾ വീഴ്ച വരുത്തിയതിനെ തുടർന്ന് തുക അടവാക്കാനും ലേല തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവെൻസി ഹാജരാക്കാനും കത്ത് നൽകിയതായി കാണുന്നു. ഇത് പാലിക്കാതെയാണ് ടിയാൻ മേള നടത്തിയതെന്ന് 14.11.2022 ലെ ഭരണസമിതി മിനിട്സ് പരിശോധിച്ചതിൽ വ്യക്തമാകുന്നു. ബസ് സ്റ്റാന്റ് ഗ്രൗണ്ട് ആറു മാസത്തേക്ക് ലേലം നൽകിയെങ്കിലും ആറുമാസക്കാലം ഗ്രൗണ്ട് ഉപയോഗിച്ചിരുന്നില്ല എന്നും ഉപയോഗിച്ച കാലയളവിലെ മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ടെന്നും സോൾവെൻസി ഹാജരാക്കാത്തതിനെ തുടർന്ന് മേള നോട്ടീസ് നൽകി നിർത്തലാക്കി എന്നും ഓഡിറ്റ് അന്വേഷണത്തിന് (49/30.10.2023) മറുപടി ലഭ്യമാക്കി. ലേലം ചെയ്തുനല്കിയ മുഴുവൻ കാലയളവിലെയും തുക ഈടാക്കാൻ സാധിക്കാത്തതിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. ലേല തുക ഗഡുക്കളായാണ് അടക്കുന്നതെങ്കിൽ സോൾവെൻസി ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ആസ്തി ലേലം കൊണ്ട വ്യക്തിക്ക് കൈമാറേണ്ടത്.

ടി ഇനം 2022-23 വർഷത്തെ ഡിമാന്റ്-കളക്ഷൻ ബാലൻസിൽ ഉൾപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഗ്രൗണ്ട് വാടകയും ഡിമാന്റ്-കളക്ഷൻ ബാലൻസിൽ ഉൾപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടിയാൾ ആകെ അടവാക്കാനുള്ള തുകയിൽ നിന്ന് അടവാക്കിയത് കുറച്ച് ബാക്കി തുക പലിശസഹിതം ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-11-3 ലേലത്തുക പൂർണമായും അടവാക്കിയില്ല- റവന്യൂ റിക്കവറി നടപടികൾ

1) കിളിമാനൂർ പബ്ലിക് മാർക്കറ്റിൽ 2022/23 സാമ്പത്തികവർഷം മാട്ടിറച്ചി സ്റ്റാൾ നടത്തുന്നതിനുള്ള അവകാശം, കിളിമാനൂർ പബ്ലിക് മാർക്കറ്റിലെ കശാപ്പ്ശാലയിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം എന്നിവയ്ക്ക് 14.03.2022 ൽ നടന്ന ലേലത്തിൽ 8,15,000/- രൂപയ്ക്ക് ലേലാവകാശം നേടിയ ശ്രീ ഉണ്ണി,റീനാ ഭവൻ,ഞാവേലിക്കോണം, കിളിമാനൂർ എന്ന വ്യക്തി നാളിതുവരെ സോൾവൻസി ഹാജരാക്കുകയോ ലേലത്തുക മുഴുവനായി ഒടുക്കുകയോ ചെയ്തിട്ടില്ല. ലേലത്തുകയുടെ 1/3 തുകയായ 2,71,667/- രൂപ (ജിഎസ് ടി ഉൾപ്പെടെ 320567/- രൂപ) മാത്രമാണ് അടവുവരുത്തിയിട്ടുള്ളത്. പിഴപ്പലിശ, ജി എസ് ടി, ഡിമാന്റ് നോട്ടീസ് ഫീസ്, നോട്ടീസ് നടത്തുന്ന ചെലവ് ഉൾപ്പെടെ 726992/- രൂപ 15 ദിവസത്തിനകം ഒടുക്കാൻ ആവശ്യപ്പെട്ട് 13.10.2023 ന് ടിയാന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (49/30.10.2023) ഉടൻതന്നെ ഓൺലൈൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) 2021-22 വർഷം കിളിമാനൂർ മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാൾ 712000/- രൂപക്ക് ലേലം കൊണ്ട നൗഷാദ്, ആട്ടിറച്ചി സ്റ്റാൾ 216000/- രൂപക്ക് ലേലം കൊണ്ട നിഷാദ് എന്നിവർ മൂന്നിലൊന്ന് തുക മാത്രമാണ് അടവാക്കിയിട്ടുള്ളത്. 29.04.2023 ന് യഥാക്രമം 624187/- രൂപയും 189440/- രൂപയും ഈടാക്കുവാൻ ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർവിവരങ്ങൾ വില്ലേജ് അധികൃതരിൽ നിന്ന് ലഭിക്കുന്നമുറക്ക് ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (49/30.10.2023) മറുപടി നൽകി.

അടവാക്കാൻ ബാക്കിയുള്ള തുക പലിശ സഹിതം അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-11-4 പാപ്പാല ഗവ.എൽ.പി.എസ് പഴയ കെട്ടിടം പൊളിച്ച് നീക്കിയത്- ലേല ഡയറി ലഭ്യമാക്കേണ്ടതാണ്

പാപ്പാല ഗവ.എൽ.പി.എസ് ൽ പുതിയകെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി പഴയ കെട്ടിടം പൊളിച്ച് നീക്കിയത് ശ്രീ.പുഷ്പരാജൻ എന്ന വ്യക്തിക്ക് ലേലം ചെയ്ത് ജി.എസ്.ടി ഉൾപ്പെടെ 41300/- രൂപ പഞ്ചായത്തിൽ അടവാക്കിയതായി 03.01.2023 ലെ ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (49/30.10.2023) കെട്ടിടം പൊളിച്ചുനീക്കിയത് ഹെഡ് മാസ്റ്റർ ലേലം ചെയ്ത് നൽകുകയാണ് ഉണ്ടായതെന്നും ലേലഡയറി സ്കൂളിൽനിന്നും ഹാജരാക്കുന്നതിനു അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ലേല ഡയറി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-11-5 മുറിച്ചുമാറ്റിയ ശിഖരങ്ങളുടെ ലേലം- തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിലെ കിളിമാനൂർ മാർക്കറ്റിൽ നിൽക്കുന്ന ആൽ മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റിയതിനു ചെലവായ 1500/- രൂപ ശ്രീ.സുഗുണൻ, കേദാരം, ചെമ്മരത്തുമുക്ക് എന്ന വ്യക്തിക്ക് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് 27.05.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്. മുറിച്ചു മാറ്റിയ ശിഖരങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (49/30.10.2023) അസിസ്റ്റന്റ് ഫോറെസ്റ്റ് കൺസർവേറ്ററിൽ നിന്ന്

12.10.2023 ൽ വിലനിർണ്ണയം ലഭ്യമായിട്ടുണ്ടെന്നും ഉടൻതന്നെ ലേല നടപടികൾ ആരംഭിക്കുമെന്നും മറുപടി ലഭ്യമാക്കി. ലേല നടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-11-6 ബസ് സ്റ്റാന്റ് പാർക്കിംഗ് ഫീസ് പിരിവ്, ടോയലറ്റ് യൂസർ പിരിവ് എന്നിവയുടെ അവകാശത്തിന്റെ ലേലം-അപാകം

പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് പാർക്കിംഗ് ഫീസ് പിരിവ്, ടോയലറ്റ് യൂസർ പിരിവ് അവകാശം എന്നിവ 151000/- രൂപക്ക് ശ്രീ.മണിലാൽ, ലാൽ ഭവൻ, കുന്നമ്മേൽ, കിളിമാനൂർ എന്ന വ്യക്തിക്ക് 22.12.2022ന് ലേലം ചെയ്തിട്ടുണ്ട്. പൂരിപ്പിക്കാത്ത കരാർ പത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ ടി ഇനം 2022-23 വർഷത്തെ ഡിമാന്റ്-കളക്ഷൻ ബാലൻസിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (49/30.10.2023) 2022-23 വർഷം മൂന്ന് മാസം മാത്രം അവശേഷിക്കുന്നുണ്ടായിരുന്നുള്ളൂ എന്നും ടിയാൻ ലേലത്തുക മുഴുവൻ ഒടുക്കുവരുത്തിയിട്ടുണ്ടെന്നും 2023-24 വർഷവും ലേലാവകാശം നേടിയ ടിയാൻ കരാർ പൂരിപ്പിച്ച് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കംഫർട്ട് സ്റ്റേഷൻ കളക്ഷൻ ഹെഡിൽ തുക അടവാക്കുന്നതിനാലാണ് ലേലത്തിന്റെ ഡിമാന്റ്- കളക്ഷൻ ബാലൻസിൽ ചേർക്കാതിരുന്നത് എന്നും അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഒടുക്ക് വരുത്തിയ തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കരാർ പത്രിക പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

## 1-12 വാടക കുടിശ്ശിക

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കടമുറി | വാടകക്ക് എടുത്ത വ്യക്തി | മാസവാടക (രൂപ) | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ | കുടിശ്ശിക |
|---|---|---|---|---|---|
| 1 | SC VI | അനിൽകുമാർ | 3820/- | 04/ 2022 മുതൽ 03/2023 വരെ | 45840 |
| 2 | OMS VIII | ശശിധരൻ എം | 1268/- | 11/ 2022 മുതൽ 03/ 2023 വരെ | 6340 |
| 3 | OMS(O) I | ഉണ്ണി | 351/- | 04/ 2022 മുതൽ 03/ 2023 വരെ | 4212 |
| 4 | OMS(O) IV | വി ശ്രീധരൻ | 336/- | 04/ 2022 മുതൽ 03/ 2023 വരെ | 4032 |
| 5 | OMS(O) VII | വി രാജമ്മ | 337/- | 04/ 2022 മുതൽ 03/ 2023 വരെ | 4044 |
| 6 | NMS(O) VII | സുദേവൻ | 478/- | മാർച്ച് 2023 | 478 |
| 7 | Lodge Room 2 | രഘുനാഥൻ നായർ | 638/- | 04/ 2022 മുതൽ 03/ 2023 വരെ | 7656 |
| 8 | Lodge Room 4 | യു എസ് സുജിത് | 638/- | 04/ 2022 മുതൽ 03/ 2023 വരെ | 7656 |
| 9 | Lodge Room 6 | അബ്ദുൽ ഹക്കീം | 638/- | 04/ 2022 മുതൽ 03/ 2023 വരെ | 7656 |
| 10 | Lodge Room 9 | പ്രസന്നൻ | 656/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 7872 |
| 11 | Lodge Room 10 | ഷാജഹാൻ | 638/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 7656 |

വാടകയിനത്തിൽ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിന് ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തുടർ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 27/30.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമനമ്പർ 1, 2 എന്നീ റൂമുകൾ ഏറ്റെടുത്തിരുന്ന ശ്രീ അനിൽകുമാർ, ശ്രീ ശശിധരൻ എന്നിവർ രോഗബാധിതരായി ചികിത്സയിലായിരുന്നതിനാൽ തുക അടവാക്കുന്നതിനു സമയം അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. തുക പൂർണമായും അടവാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമനമ്പർ 7 ലെ ലോഡ്ജ് റൂം 2 ഉപയോഗയോഗ്യമല്ലാത്തതിനാൽ കുടിശിക ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നഷ്ടം സംഭവിക്കാത്ത വിധത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് തുടർവിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബാക്കി റൂമുകൾ ഏറ്റെടുത്ത് കുടിശിക വരുത്തിയ എല്ലാ വ്യക്തികൾക്കും എതിരെ ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വില്ലേജിൽ നിന്ന് തുടർനടപടി വരുന്ന മുറക്ക് തുടർ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മുൻ വർഷം വാടക കുടിശ്ശിക വരുത്തിയ വ്യക്തികൾക്ക് തന്നെ (ക്രമ നമ്പർ 1, 4, 6, 8, 9, 10) ഈ വർഷം വീണ്ടും കടമുറി വാടകക്ക് നൽകിയതിന്റെ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിലെ( 27/30.10.2023) ഭാഗത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-13-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

2022-23 വർഷം ലൈസൻസ് നൽകിയത് 481 സ്ഥാപനങ്ങൾക്കാണ്. ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയ 2022-23 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണമാണ്. ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിൽ 12 വാർഡുകളിലെ ആകെ 196 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-13-2 മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

1) ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം എത്രയാണെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മൂലധനനിക്ഷേപത്തിനു ആനുപാതികമായാണോ ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല.

ഉദാഹരണം:

| ക്രമ നം. | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|
| 1 | ഡെന്റൽ ഹാവെൻ ഓർത്തോഡോണ്ടിക്സ് സൊല്യൂഷൻസ് | 2000/- |
| 2 | മലയിൽ ഹൗസ് ഡെക്കറേഷൻസ് സിമന്റ് മോൾഡ് നിർമാണവും വില്പനയും | 1000/- |
| 3 | എൽ വി എസ് ക്ലിനിക്, എം സി റോഡ് കിളിമാനൂർ | 1000/- |
| 4 | മയൂഖ ഇൻഫോ സൊല്യൂഷൻസ് | 500/- |

2023-24 വർഷം മുതൽ എല്ലാ അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് (21/28.10.2023) മറുപടി ലഭ്യമാക്കി.

2) ചില സ്ഥാപനങ്ങളിൽ നിന്ന് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ലൈസൻസ് തുകയേക്കാൾ കുറഞ്ഞ തുക ഈടാക്കിയിരിക്കുന്നു.

ഉദാഹരണം:

| ക്രമ നം. | സ്ഥാപനം | അപേക്ഷ പ്രകാരമുള്ള മൂലധനനിക്ഷേപം (രൂപ) | വിഭാഗം/മേഖല | മൂലധനനിക്ഷേപം അടിസ്ഥാനമാക്കി ഈടാക്കേണ്ട തുക (രൂപ) | ഈടാക്കിയ തുക (രൂപ) |
|---|---|---|---|---|---|
| 1 | ഗിരിജാസ് ഡയഗ്നോസ്റ്റിക്സ് ലബോറട്ടറി | 3000000/- | മിനി എന്റർപ്രൈസ്/സേവനം | 1000/- | 500/- |
| 2 | ശിവശക്തി വെസ്സൽസ് പാത്രങ്ങൾ വിൽപ്പന | 2500000/- | മൈക്രോ എന്റർപ്രൈസ്/സേവനം | 1000/- | 500/- |
| 3 | ദുബായ് ദി ഫ്യൂച്ചർ സ്റ്റോർ മൊബൈൽ ഫോൺ വില്പന | 2500000/- | മൈക്രോ എന്റർപ്രൈസ്/സേവനം | 1000/- | 500/- |

ദുബായ് ദി ഫ്യൂച്ചർ എന്ന സ്ഥാപനം 2022 മാർച്ച് 18ന് ലൈസൻസ് ആദ്യമായി എടുത്തപ്പോൾ വർഷം അവസാനിക്കാൻ കുറച്ചുദിവസങ്ങൾ മാത്രം ഉള്ളതിനാൽ പകുതി ഫീസായ 500/- രൂപ മാത്രമാണ് ഈടാക്കിയതെന്നും 2023-23 ൽ ലൈസൻസ് പുതുക്കിയപ്പോഴും ടി തുക തന്നെ ഒടുക്കുകയായിരുന്നെന്നും ഗിരിജാസ് ഡയഗ്നോസ്റ്റിക്സ് ലബോറട്ടറി, ശിവശക്തി വെസ്സൽസ് എന്നീ സ്ഥാപനങ്ങൾ വർഷങ്ങളായി ലൈസൻസ് ഈ നിരക്കിൽ പുതുക്കി വരുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (21/28.10.2023) മറുപടി ലഭ്യമാക്കി. ലൈസൻസ് ഫീസ് പുതുക്കി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിൽ നിന്നും മൂലധനനിക്ഷേപം അടിസ്ഥാനപ്പെടുത്തി പുതുക്കി നിശ്ചയിച്ച ലൈസൻസ്

ഫീസ് ഈടാക്കേണ്ടതാണ്.

### 1-13-3 യന്ത്രത്തിന്റെ പ്രവർത്തനത്തിന് ഫീസ് ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമാണയന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ. ആക്ട് വകുപ്പ് 232 പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക 3 ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ വൈദ്യുതി യന്ത്രം ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2022-23 സാമ്പത്തികവർഷം മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.
ഉദാഹരണം:

| സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | യന്ത്രത്തിന് ഈടാക്കേണ്ട ഫീസ്(രൂപ) |
|---|---|---|
| ബ്രഹ്മഫാർമ, മഹാദേവേശ്വരം, കിളിമാനൂർ | 5 HP | 50/- |
| ബിസ്മില്ലാ റൈസ് മിൽ | 10HP | 100/- |
| ബിൽഡ് ഇന്ത്യ കോൺക്രീറ്റ് ബ്ലോക്ക്സ് | 10 HP | 100/- |
| ഉഷസ് ഫ്ലവർമിൽ | 10 HP | 100/- |

2022-23 വർഷം ഐഎൽജിഎംഎസ് തുടങ്ങുന്ന അവസരത്തിൽ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതിനൊപ്പം മെഷിനറി ഫീ ഉൾപ്പെടാതിരുന്നതിനാലാണ് ടി തുകകൾ ഈടാക്കാതിരുന്നത് എന്നും നിലവിൽ ഫ്രണ്ട് ഓഫീസിൽ നേരിട്ട് സ്വീകരിച്ചു വരുന്നുണ്ട് എന്നും ഓഡിറ്റ് അന്വേഷണത്തിന് (21/28.10.2023) മറുപടി ലഭ്യമാക്കി. യന്ത്രം ഉപയോഗിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്ന അവസരത്തിൽ മോട്ടോർ ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13-4 കശാപ്പുശാല ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പുതിയകാവ് പബ്ലിക് മാർക്കറ്റിൽ കശാപ്പ് ശാല ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലു വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കാണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീയതി.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീയതി. 17-09-2009, സർക്കുലർ നം.66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം.25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇറച്ചികടകൾ ലൈസൻസ് എടുത്തതിന്റെയും ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(21/28.10.2023) പുതിയകാവ് പബ്ലിക് മാർക്കറ്റിൽ മാത്രമാണ് നിലവിൽ കശാപ്പ് ശാല പ്രവർത്തിക്കുന്നതെന്നും മലിനീകരണസംവിധാനം പഞ്ചായത്ത് നവീകരിച്ച് നൽകിയിട്ടുണ്ടെന്നും ടി കടയ്ക്ക് ലൈസൻസ് എടുക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കശാപ്പ് ശാലയ്ക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13-5 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എസ്) എ 9- 764/2019 നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്.
പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 13 റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്. നിരവധി തവണ നോട്ടീസ് നൽകിയിട്ടും റേഷൻ കടകൾ ലൈസൻസ് എടുക്കാൻ തയ്യാറാകാത്തത് സൂചിപ്പിച്ച് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകുകയും 28.10.2023 ന് നടന്ന റേഷനിംഗ് കമ്മിറ്റിയിൽ ടി വിഷയം ഉന്നയിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് (21/28.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

മെഡിക്കൽ/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 1999 ലെ കേ.പ.രാ. (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം 2022-23 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

1) സരള മെമ്മോറിയൽ ഹോസ്പിറ്റൽ കിളിമാനൂർ

2) എൽ വി എസ് ക്ലിനിക് കിളിമാനൂർ

3) ബ്രഹ്മഫാർമ, മഹാദേവേശ്വരം, കിളിമാനൂർ

ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (21/28.10.2023) മറുപടി ലഭ്യമാക്കി. രജിസ്ട്രേഷൻ പുതുക്കി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 ക്വാറിയുടെ നടത്തിപ്പിനുള്ള ലൈസൻസ്- സി എസ് ആർ പ്രവർത്തനങ്ങളുടെ രേഖകൾ ലഭ്യമാക്കിയില്ല

കെ എ ജലീൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സൺ ഗ്രാനൈറ്റ് എന്ന ക്വാറിക്ക് ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് (നമ്പർ 54/2017 തീയതി 17.08.2017) പ്രകാരം ലൈസൻസ് തീയതി മുതൽ അഞ്ച് വർഷ കാലയളവിൽ 25 ലക്ഷം രൂപയുടെ സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. 2022-23 വർഷത്തേക്ക് ശിപാർശ ചെയ്ത സി എസ് ആർ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | 2022-23 വർഷത്തേക്ക് ശിപാർശ ചെയ്ത തുക (Rupees In Lakhs) |
|---|---|---|
| 1 | Repairing Of Kattumpuram Road& Kilimanoor To Pazhayakunnummel Road | 1.5 |
| 2 | Providing Books And Amenities Like Computer, Smart Board To Kilimanoor Govt Higher Secondary School Students | 0.5 |
| 3 | Organizing Health Camps In The Vicinity | 0.5 |
| 4 | Sanitary Facilities For Kilimanoor Govt High School | 1 |
| 5 | Infrastructure Development For Kilimanoor Govt L P School | 1.5 |
| | **Total** | **4.5** |

സ്ഥാപനം മേൽ പറഞ്ഞ സി എസ് ആർ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശം, മോണിറ്റർ ചെയ്തതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (21/28.10.2023) പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും രേഖകൾ ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-16 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല.

2022-23 സാമ്പത്തിക വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 791 വളർത്തുനായകളുണ്ട്. എന്നാൽ വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 400 വളർത്തു നായകൾക്ക് മാത്രമാണ് 2022-23 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.

ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (33/30.10.2023) 400 വളർത്തുനായകൾക്ക് മാത്രമാണ് വാക്സിനേഷൻ ചെയ്ത സർട്ടിഫിക്കറ്റ് സഹിതം ലൈസൻസ് എടുക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതെന്നും എല്ലാ വളർത്തുനായകൾക്കും ലൈസൻസ് എടുക്കണമെന്ന് വെറ്ററിനറി ഹോസ്പിറ്റൽ വഴി നിർദേശം നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

## 1-17 സമത്വതീരം ശ്മശാനം- രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകത

സമത്വതീരം പൊതുശ്മശാനം പ്രവർത്തിപ്പിക്കുന്നതിനായി എം എച്ച് ടി എഞ്ചിനീയറിംഗ് എന്ന സ്ഥാപനവുമായി ഒപ്പുവെച്ച കരാർ ഉടമ്പടി എ7-1577/22 ലെ വ്യവസ്ഥ 5 പ്രകാരം മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിലേക്കായി കൊണ്ടുവരുന്നവരിൽ നിന്നും ഈടാക്കുന്ന ഫീസിനു രസീത് നൽകേണ്ടതും അടുത്ത പ്രവൃത്തി ദിവസം 3PM ന് മുമ്പായി ഈടാക്കുന്ന ഫീസ് പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.

രസീതുകൾ പരിശോധിച്ചപ്പോൾ ഇപ്രകാരം ഈടാക്കിയ തുക പഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസമുള്ളതായി കാണുന്നു.ഉദാഹരണം:

| രസീത് നമ്പർ | ഈടാക്കിയ തുക | ഈടാക്കിയ തീയതി | ഡേ ബുക്ക് പ്രകാരം തുക പഞ്ചായത്തിൽ അടവാക്കിയ തീയതി |
|---|---|---|---|
| 329 | 2000/- | 01.04.2022 | 21.04.2022 |
| 506 | 2000/- | 17.09.2022 | 26.09.2022 |
| 542 | 2000/- | 11.10.2022 | 22.10.2022 |
| 601 | 2000/- | 09.12.2022 | 19.12.2022 |
| 701 | 3000/- | 14.03.2023 | 29.03.2023 |

കരാർ ഉടമ്പടി പ്രകാരം ഈടാക്കുന്ന ഫീസ് അടുത്ത പ്രവൃത്തി ദിവസം 3 PM ന് മുൻപായി പഞ്ചായത്തിൽ അടവാക്കുന്നതിന് ശ്മശാനം നടത്തിപ്പുകാരന് നിർദ്ദേശം നൽകുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും രസീതുകൾ ചട്ടങ്ങൾക്ക് അനുസൃതമായി പരിപാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 നികുതി വരുമാന ശേഖരണം - അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് സ്വീകരിച്ച നടപടി വിശദാംശങ്ങൾ രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി 1/2022-23, 25.10.2023) സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ അവലോകനം ചുവടെ ചേർക്കുന്നു.

**A. തനത് വരുമാനം**

1) സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കണ്ടെത്തിയ പുതിയ തനതുവരുമാന സ്രോതസ്സുകളുടെ വിവരം, സമാഹരിക്കുന്നതിനുള്ള മാർഗ്ഗം എന്നിവയ്ക്ക നികുതിശേഖരണം 100% ആണെന്നും ലൈസൻസ്, കുടിശ്ശിക നിവാരണം എന്നിവയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2) തനത് വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യും ആർ ആർ നടപടികൾ സ്വീകരിച്ചും പൊളിഞ്ഞു പോയ കെട്ടിടങ്ങൾ ഒഴിവാക്കി പുതിയ കെട്ടിടങ്ങൾക്ക് സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള കരം ഈടാക്കിയും നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കുടിശ്ശികയായി അറിയിച്ചിരിക്കുന്നത് മാട്ടിറച്ചി, ആട്ടിറച്ചി കശാപ്പ് ശാലയിൽ നിന്നുള്ള ലേറ്റ് ഫീസ് പിരിവായ 493333/- രൂപയാണ്.

3) 01-04-2023 -ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

4) നികുതി, നികുതിയേതര വരവുകളുടെ ഡിമാൻഡ്, പിരിവ് പുരോഗതി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി 30.04.2022, 02.06.2022, 23.07.2022, 08.08.2022, 17.09.2022 എന്നീ തീയതികളിൽ വിലയിരുത്തിയതായി അറിയിച്ചിട്ടുണ്ട്. തനത് വരവ് രജിസ്റ്ററുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 30.04.2022, 26.05.2022, 14.06.2022, 19.07.2022, 25.08.2022, 29.09.2022, 27.10.2022, 29.11.2022, 12.12.2022, 24.01.2023, 28.02.2023, 27.03.2023 എന്നീ തീയതികളിൽ പരിശോധിച്ചതായും അറിയിച്ചു.

**B. വസ്തുനികുതി (വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ)**

ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് , ILGMS വരവ്, സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ടെന്നും 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിന് ആകുന്നതിന് മുമ്പ് 5441266/- രൂപയാണെന്നും പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയപ്പോഴുള്ള ഡിമാൻഡ് തുക 5713329/- രൂപ ആണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് 11.08.2023 ലെ 6(1) നം തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ച് ഡാറ്റാ ലോക്ക് ചെയ്തതായും തദ്ദേശസ്ഥാപനം മേഖലാ വിഭജനം നടത്തി വിവരം പ്രസിദ്ധീകരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

റോഡ് മാപ്പ് പ്രസിദ്ധീകരിച്ചിട്ടില്ലെന്നും അനുമതി ഇല്ലാതെയും അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന നികുതി ചോർച്ച കണ്ടെത്തുന്നതിനായി ഫീൽഡ് തല അന്വേഷണത്തിനുള്ള നടപടികൾ സംബന്ധിച്ച അന്വേഷണത്തിന് ഫീൽഡ് തല അന്വേഷണം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടെന്നും അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെന്നും അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടെന്നും മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശികയുണ്ടെന്നും തദ്ദേശ സ്ഥാപനം നൽകുന്ന സേവനങ്ങൾക്ക് നികുതി കുടിശ്ശികയില്ലായെന്നും നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെന്നും തദ്ദേശസ്ഥാപന പരിധിയിൽ സർക്കാർ/കേന്ദ്ര സർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ടെന്നും . കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സേവന-ഉപനികുതി നിലവിൽ ഈടാക്കുന്നില്ലെന്നും ILGMS-ൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്തതായി ഉറപ്പുവരുത്തുന്നുണ്ടെന്നും എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ

രേഖപ്പെടുത്തിയതായി സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടെന്നും തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**C. സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി, വസ്തുനികുതി ഒഴിവാക്കിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സേവനനികുതി എന്നിവ ഈടാക്കിയിട്ടില്ലായെന്നും പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

**D. തൊഴിൽ നികുതി**

തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ,അർദ്ധ സർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ ,മറ്റ് സ്ഥാപനങ്ങളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററുകൾ വാർഡ് തിരിച്ച് സൂക്ഷിച്ചിട്ടില്ല . മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, (സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ നൽകിയിച്ചുണ്ടെന്നും തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ഇല്ലായെന്നും സ്വകാര്യ സ്ഥാപനങ്ങൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ, കരാറുകർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്നും വാർഡ് തല ടെയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

**E. വിനോദ നികുതി**

തദ്ദേശ സ്ഥാപന പരിധിയിൽ സിനിമാ തീയറ്ററുകൾ പ്രവർത്തിക്കുന്നില്ലായെന്നും അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ് /സ്റ്റേഡിയം, നീന്തൽ കുളങ്ങൾ, കേബിൾ, ടി.വി നെറ്റ് വർക്ക്, ഹൗസ് ബോട്ടുകൾ, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**F. നികുതിയേതര വരവുകൾ**

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

## 1-19 വസ്തു നികുതി ശേഖരണം- അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് സ്ഥാപനം (ഓഡിറ്റ് എൻക്വയറി നം. 60/ 2022-23, തീയതി 02.11.2023) മറുപടി ലഭ്യമാക്കിയില്ല.

**1) മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ കുടിശ്ശിക**

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും 2013-14 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി കളക്ഷൻ വിവരങ്ങൾ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയും, ലൈബ്രറി സെസ്സും, കുടിശ്ശികയുമുൾപ്പെടെയുള്ള തുകകൾ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം. 60/02.11.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണം (ച.മീ) | തരം | വാർഷിക നികുതി (രൂപ) | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 16/12/A ഡിസ് നെറ്റ് വയർലെസ്സ് ലിമിറ്റഡ് എയർസെൽ | 15.67 | മൊബൈൽ ടെലഫോൺ ടവർ 2013 First Half | 9050 | കളക്ഷൻ വിവരങ്ങൾ ലഭ്യമല്ല |
| 2 | 17/457/A ഇന്ത്യൻ ടെലികോം ഇൻഫ്ര ലിമിറ്റഡ് | 10 | മൊബൈൽ ടെലഫോൺ ടവർ 2013 First Half | 5250 | കളക്ഷൻ വിവരങ്ങൾ ലഭ്യമല്ല |

മേൽ പട്ടിക പ്രകാരമുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി

പരാമർശം ഒഴിവാക്കേണ്ടതാണ്.

**2) അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ കുടിശ്ശിക**

നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 2018 രണ്ടാം അർദ്ധ വർഷം മുതലുള്ള നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം. 60/02.11.2023) സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണം (ച.മീ.) | തരം | വാർഷിക നികുതി (രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | 14/1/UA | 28 ച.മീ. | വാണിജ്യം | 4076 | 19956 |

തുകകൾ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**3) സഞ്ചയയിൽ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചു**

ചുവടെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വിസ്തീർണം 114.18 ച.മീ. ആണെങ്കിലും സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിരിക്കുന്നത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 60/02.11.2023) സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണം | തരം |
|---|---|---|---|
| 1 | 13/359 | 114.18 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |

അപ്രകാരം നികുതി നിർണയിച്ചതിനാൽ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. തെറ്റായ രീതിയിൽ നികുതി നിർണയം നടത്തിയതിന്റെ കാരണം വിശദമാക്കുകയോ തുക അടവാക്കിയതിൽ കുറവ് കണ്ടെത്തിയാൽ അടവാക്കുകയോ ചെയ്ത് റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കേണ്ടതാണ്.

**4) 60 ച.മീ ൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകങ്ങൾ**

സ.ഉ. (എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം. 60/02.11.2023) സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ (വാർഡ് നമ്പർ/കെട്ടിട നമ്പർ) |
|---|---|---|
| 1 | സുശീലൻ, കൊച്ചുവിള വീട്, പറണ്ടക്കുഴി, തട്ടത്തുമല, 695614 | 2/63, 2/64 |
| 2 | ഗോവിന്ദപ്പിള്ള, വാഴപ്പണയിൽ വീട്, പറണ്ടക്കുഴി, തട്ടത്തുമല, 695614 | 2/139,2/140 |
| 3 | വി. അംബുജാക്ഷി, സജ്ജയ് മന്ദിരം, ശാസ്താംപൊയ്ക, തട്ടത്തുമല, 695614 | 2/435, 2/436 |
| 4 | ഓമന, ചരുവിള പുത്തൻ വീട്, ചെമ്പകശ്ശേരി, തട്ടത്തുമല, 695614 | 4/64, 4/65 |
| 5 | രാധാകൃഷ്ണൻ, ചരുവിളപുത്തൻവീട്, കുളപ്പാറ, അടയമൺ, 695614 | 4/169A, 4/169 C |
| 6 | സുധ, ചരുവിള വീട്, മുതുകുറിഞ്ഞി, അടയമൺ, 695614, 9645027753 | 5/100B, 5/100A |
| 7 | ഗോപിനാഥൻ പിള്ള, കളത്തിൽപച്ച വീട്, അടയമൺ, 695614 | 5/363A, 5/363 |

ഇപ്രകാരം ഇളവനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**5) വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് നൽകിയതിലെ അപാകങ്ങൾ**

A) സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. വിമുക്ത ഭടന്മാർക്ക്/വിമുക്ത

ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ സൂക്ഷിക്കേണ്ട രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

B) വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹത്തിന് നികുതി ഒഴിവാക്കാവുന്നത് ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗ്രഹത്തിന് മാത്രമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | രഘുനാഥൻ ആശാരി, ആര്യൻകുന്നിൽ വീട്, അടയമൺ, അടയമൺ, 695614 | 6/111, 6/111A |

മറുപടി/രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**6)പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല**

A)കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ചുവടെ പറയുന്ന പട്ടികയിലെ വാണിജ്യ കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം. 60/02.11.2023) സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിവരം (വാർഡ് നമ്പർ/കെട്ടിട നമ്പർ) |
|---|---|---|
| 1 | വി.വി.ഗിരീഷ് | I/1155 A-F |
| 2 | രവീന്ദ്രൻ നായർ | 12/27 B To D |
| 3 | ജഗദൻ | 13/424 B To K |

മറുപടി/രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**7) ഒറ്റത്തവണ കെട്ടിട നികുതി രേഖകൾ ഹാജരാക്കിയില്ല**

ഒറ്റത്തവണ കെട്ടിട നികുതി സ.ഉ. (എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയകെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിട നികുതിനിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ഫയൽ നം. | കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യ തീയതി | ഉപയോഗക്രമം | പ്ലിന്ത് ഏര്യ (ച.മീ.) |
|---|---|---|---|---|---|---|
| 1 | A2/1457/23 | 7/717/b പഴയകുന്നമ്മേൽ | ഇന്ദു .എസ് | 2022 രണ്ടാം അർദ്ധവർഷം | പാർപ്പിടാവശ്യം | 216.82 |
| 2 | A2/7803/22 | 14/68B പഴയകുന്നമ്മേൽ | സുഹാന .ആർ.എൻ | “ | വാണിജ്യാവശ്യത്തിനുള്ളവ | 115.1 |
| 3 | A2/7803/22 | 14/68C പഴയകുന്നമ്മേൽ | സുഹാന .ആർ.എൻ | “ | വാണിജ്യാവശ്യത്തിനുള്ളവ | 115 |
| 4 | A2/7803/22 | 14/68D പഴയകുന്നമ്മേൽ | സുഹാന .ആർ.എൻ | “ | പാർപ്പിടാവശ്യം | 250 |
| 5 | A2/7803/22 | 14/68 E പഴയകുന്നമ്മേൽ | സുഹാന .ആർ.എൻ | “ | പാർപ്പിടാവശ്യം | 245 |

| | | | | | | |
|---|---|---|---|---|---|---|
| 6 | A2/521/23 | 7/749/B പഴയകുന്നമ്മേൽ | ബഷീർ .എ | " | പാർപ്പിടാവശ്യം | 186.24 |

മേൽ പരാമർശിത കെട്ടിട ഉടമകളിൽ നിന്നും ഒറ്റത്തവണ നികുതി ഈടാക്കി സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**8) റഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണം സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.**

ശ്രീ. സജീർ എസ് അരവച്ചകോണത്ത് വീട് എന്നയാൾ സമർപ്പിച്ച റഗുലറൈസേഷൻ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടമായ IV/354 ന് ആകെ വിസ്തീർണം 81 ച.മീ. ആണ്. എന്നാൽ സഞ്ചയയിൽ ആകെ 60 ച.മീ. കാണുന്നത് (ഫയൽ നം. (A2-1220/23). വ്യത്യാസത്തിനുള്ള കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (60/02.11.2023) സ്ഥാപനം മറുപടി ലഭ്യമാക്കിയില്ല.

81 ച.മീ. വിസ്തീർണത്തിനുള്ള നികുതി നിർണ്ണയിച്ചതിന്റെയും ഒടുക്കിയതിന്റെയും രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി - അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 11 / 2022-23, തീയതി 27.10.2023 ) സ്ഥാപനം മറുപടി ലഭ്യമാക്കി.

**1. റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കുന്നില്ല**

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 - 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മുഴുവൻ കടകൾക്കും നോട്ടീസ് നൽകിയതായി രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്. എന്നാൽ റേഷൻ കട ഉടമകൾ നികുതി ഒടുക്കാൻ തയ്യാറായിട്ടില്ലെന്നും റേഷൻ കട ഉടമകൾക്ക് തൊഴിൽ നികുതി ഒടുക്കുന്നതിലേക്കായി നിർദ്ദേശം നൽകുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും 2023-24 മുതൽ റേഷൻ കട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**2. സർക്കാർ ജീവനക്കാരന്റെ തൊഴിൽ നികുതി ഒടുക്കിയില്ല**

ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരന്റെ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം. 11/27.10.23) അടയമൺ, യു .പി.എസ് ലെ ഹെഡ് മാസ്റ്റർക്ക് നികുതി ഒടുക്ക് വരുത്തുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും ഒടുക്കേണ്ട തുക പലിശ സഹിതം ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേര്/സ്ഥാപനം | അർദ്ധവാർഷിക വരുമാനം (രൂപ) | തൊഴിൽ നികുതി ഈടാക്കേണ്ട കാലയളവ് | ഈടാക്കേണ്ട തൊഴിൽ നികുതി (രൂപ) |
|---|---|---|---|---|
| 1 | P.V. രാജേഷ്. UPST, അടയമൺ, യു .പി.എസ് (14.06.2022 മുതൽ LWA) | 124801 | 2022-23 ഒന്നാം അർദ്ധവർഷം | 1000 |

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**3. സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയില്ല**

ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഒടുക്കിയിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് ഒടുക്കു വരുത്തിയതിൽ കുറവായ തുക 2023-24 സാമ്പത്തിക വർഷം പലിശ സഹിതം ഈടാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | പേര്/ സ്ഥാപനം | അർദ്ധ വാർഷിക വരുമാനം (രൂപ) | തൊഴിൽ നികുതി ഈടാക്കേണ്ട കാലയളവ് | ഈടാക്കിയ തൊഴിൽ നികുതി/ട്രാൻസ്ഫർ നമ്പർ, തീയതി (രൂപ) | ഈടാക്കേണ്ട തൊഴിൽ നികുതി (രൂപ) | വ്യത്യാസം (രൂപ) |
|---|---|---|---|---|---|---|
| 1 | Divya V Kalappila Financiers | 30000 | 2022-23 ഒന്നാം അർദ്ധവർഷം | 120/1220101015 /19.10.2022 | 300 | 180 |
| 2 | Saritha Rs/ | 21000 | 2022-23 | 240/1220102493,94 | 360 | 120 |

| | | | | | | |
|---|---|---|---|---|---|---|
| | Noorul Hooda | | ഒന്ന്, രണ്ട് അർദ്ധവർഷം | /22.03.23 | | |
| 3 | Sheena S/Noorul Hooda | 18000 | 2022-23 ഒന്ന്, രണ്ട് അർദ്ധവർഷം | 240/1220102493,94 /22.03.23 | 360 | 120 |
| 4 | Rahila Beevi S/ Noorul Hooda | 18000 | 2022-23 ഒന്ന്, രണ്ട് അർദ്ധവർഷം | 240/1220102493,94 /22.03.23 | 360 | 120 |

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**4) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

വഴിയോരക്കട എന്ന സ്ഥാപനത്തിൽ നിന്നും 9 ജീവനക്കാരുടെ തൊഴിൽ നികുതിയായി 180/- രൂപാ വീതം ഒടുക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 8 ജീവനക്കാരുടെ തൊഴിൽ നികുതിയായ 1440 രൂപയാണ് രസീത് പ്രകാരം(1220202152/27.07.2022) ഈടാക്കിയിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 11/27.10.2023) ഒരു ജീവനക്കാരന്റെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടെന്നും ആയതിനായ് കത്ത് നല്കി തുക ഈടാക്കുന്നതായിരിക്കും എന്നും അറിയിച്ചിട്ടുണ്ട്.

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**5) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം. 11/27.10.23) തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെന്നും ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും 2023-24 സാമ്പത്തിക വർഷം പലിശ സഹിതം തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കേണ്ട കാലയളവ് |
|---|---|---|
| 1 | Raidco | 2022-23 രണ്ടാം അർദ്ധവർഷം |
| 2 | Revive | 2022-23 രണ്ടാം അർദ്ധവർഷം |
| 3 | JD Dental Clinic | 2022-23 രണ്ടാം അർദ്ധവർഷം |
| 4 | Aliya Multispeciality Dental Clinic | 2022-23 രണ്ടാം അർദ്ധവർഷം |

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**6) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം. 11/27.10.23) തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെന്നും 2023-24 സാമ്പത്തിക വർഷം സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഒടുക്കേണ്ട തുക പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കേണ്ട കാലയളവ് |
|---|---|---|
| 1 | BLM | 2022-23 രണ്ടാം അർദ്ധവർഷം |
| 2 | Revive | 2022-23 രണ്ടാം അർദ്ധവർഷം |
| 3 | Kilimanoor Nidhi | 2022-23 രണ്ടാം അർദ്ധവർഷം |

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**7. അക്ഷയ സെന്ററുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ എത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ആയതിനായ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നം. 11/.27.10.23) അക്ഷയ സെന്ററുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ 2023-24 സാമ്പത്തിക വർഷം മുതൽ ലൈസൻസിനോടൊപ്പം തൊഴിൽ നികുതി കൂടി ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**1-21 ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി പദ്ധതി നിർവഹണത്തിൽ അപാകം**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 86/23 |
| പ്രോജക്ടിന്റെ പേര് | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി (ജനറൽ) |
| അടങ്കൽ | പൊതു വിഭാഗം വികസന ഫണ്ട് സാധാരണ വിഹിതം-500000<br>ബ്ലോക്ക് പഞ്ചായത്ത് - 500000<br>ജില്ലാ പഞ്ചായത്ത്- 500000 |
| ചെലവ് | പൊതു വിഭാഗം സാധാരണ വിഹിതം-500000<br>ബ്ലോക്ക് പഞ്ചായത്ത് - 44738<br>ജില്ലാ പഞ്ചായത്ത്- 22053 |
| ബിൽ നമ്പർ | 235/ 29-12-2022- 296647<br>02/2022-23-44738(12044/29.12.2022)<br>03/2022-23-22053(12045/29.12.2022)<br>302/ 28-01-2023- 203353 |
| നിർവ്വഹണം | ഡയറി ഫാം ഇൻസ്ട്രക്ടർ |

ക്ഷീര വികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത ക്ഷീര സംഘങ്ങളിൽ പാല് നൽകുന്ന പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് അവർ ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവനുസരിച്ച് ഒരു ലിറ്റർ പാലിന് 3 രൂപയിലധികരിക്കാത്ത വിധം പരമാവധി 40,000/- രൂപ വരെ സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതു വഴി കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിച്ച് പാലുൽപാദനം വർദ്ധിപ്പിക്കുക, ക്ഷീര മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്ത പദ്ധതിയാണിത്.
പദ്ധതി ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിലുള്ള അപാകതകൾ സംബന്ധിച്ച അന്വേഷണങ്ങൾക്ക് (ഓഡിറ്റ് എൻക്വയറി നം. 34 /2022-23,31.10.2023) മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും സബ്സിഡി അനുവദിച്ചു.**

പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ചുവടെ പറയുന്ന വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ടിയാൾ അടയമൺ മിൽക്ക് സൊസൈറ്റിയിൽ സ്ഥിരമായി പാൽ നൽകുന്ന കർഷകനാണെന്ന് സൊസൈറ്റി സെക്രട്ടറിയുടെ കത്ത് സഹിതം അറിയിച്ചിട്ടുണ്ട്. കൂടാതെ ടിയാന്റെ പേര് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും അടുത്ത ഗ്രാമസഭയോഗത്തിൽ ടിയാനെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി സാധൂകരിക്കുന്നതാണെന്നും വാർഡ് മെമ്പറുടെ കത്ത് സഹിതം മറുപടി നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | ബാങ്ക് അക്കൗണ്ട് നം. | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|
| 1 | പ്രകാശ് മേലേവിള വീട്, ചെറുനാരകംകോട്, വാർഡ്- 6 | 67023264552 | 4884<br>3741 |

സാധൂകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**2. അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല**

പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല. പദ്ധതിയുടെ മാർഗരേഖ പ്രകാരം ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ ധന സഹായം പാടുള്ളൂ. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണം. രേഖകളുടെ അഭാവത്തിൽ മാർഗ രേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് പാലിന് സബ്സിഡി ഒരു തുടർ പദ്ധതിയായി എല്ലാ സാമ്പത്തിക വർ,ഷവും നടപ്പിലാക്കി വരുന്നുവെന്നും ക്ഷീര സംഘങ്ങളിൽ നിന്ന് ലഭ്യമാകുന്ന ക്ഷീര കർഷകരുടെ ആധാർ നമ്പർ, അക്കൗണ്ട് നമ്പർ, ഐ എഫ് എസ് സി കോഡ് എന്നിവ ഉൾപ്പെടുന്ന പാലളവ് സ്റ്റേറ്റ്മെന്റിലൂടെയാണ് സബ്സിഡി തുക അനുവദിച്ചു നൽകിയിട്ടുള്ളതെന്നും പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളിൽ അടിയന്തിരമായി സബ്സിഡി തുക ചെലവഴിക്കണമെന്ന് നിർദ്ദേശം ലഭിച്ച സാഹചര്യത്തിൽ ഫണ്ട് വേഗം ചെലവഴിക്കുന്നതിനാണ് കർഷകരുടെ അപേക്ഷകൾ വാങ്ങി സൂക്ഷിക്കാത്തതെന്നും ആയത് മാപ്പാക്കി തരണമെന്നും അപേക്ഷിച്ചിട്ടുണ്ട്. വരു കാലങ്ങളിൽ പദ്ധതി നിർവഹണം നടത്തുമ്പോൾ അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ എല്ലാ രേഖകളും വാങ്ങി സൂക്ഷിക്കാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

**1-22 ഹെൽത്ത് ഗ്രാന്റ് പദ്ധതി നിർവഹണം വാങ്ങൽ നടപടിക്രമത്തിന്റെ രേഖകൾ ഹാജരാക്കിയില്ല, ഫർണിച്ചർ ലഭ്യമായില്ല-26993/- രൂപ തടസ്സപ്പെടുത്തുന്നു.**

| പദ്ധതിയുടെ നമ്പർ, പേര് | SO 182/23- രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 183/23 -ഹെൽത്ത് ഗ്രാന്റ് വിനിയോഗം സബ്സെന്റർ വെൽനസ് |
|---|---|---|
| അടങ്കൽ തുക | 369397/- (ഹെൽത്ത് ഗ്രാന്റ് ) | 179903/- (ഹെൽത്ത് ഗ്രാന്റ് ) |
| ആകെ ചെലവ് തുക | 338385 | 178940/- |
| ബിൽ നമ്പർ | 219/23.12.2022-56074<br>255/07.01.2023- 49568<br>257/07.01.2023-14358<br>258/07.01.2023- 26993<br>338/09.02.2023-147000<br>397/01.03.2023-29568<br>441/15.03.2023-9000<br>439/15.03.2023-5824 | 259/07.01.2023-57531<br>260/07.01.2023-89914<br>332/07.02.2023-31495 |
| നിർവഹണം | മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ |

2022-23 സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് SO 182/23, രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ SO, 183/23 -ഹെൽത്ത് ഗ്രാന്റ് വിനിയോഗം സബ്സെന്റർ വെൽനസ് എന്നിങ്ങനെ 2 പദ്ധതികളാണ് നടപ്പിലാക്കിയത്. പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പ്രോജക്ട് പ്രകാരം ലാബ് ഉപകരണങ്ങൾ, പരിശോധനാ കിറ്റ്, ഫർണീച്ചറുകൾ എന്നിവ വാങ്ങുക, സ്റ്റാഫുകൾക്ക് പരിശീലനം നൽകുന്നു. കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്നും ലഭിക്കുന്നവ അവിടെ നിന്നും വാങ്ങുക, 25000/- രൂപയ്ക്ക് മുകളിൽ വില വരുന്ന സാധനങ്ങൾ ജെം മുഖേന വാങ്ങുക എന്നിവയ്ക്കാണ് പദ്ധതി വിഭാവനം ചെയ്തത്. 183/23 -ഹെൽത്ത് ഗ്രാന്റ് വിനിയോഗം സബ്സെന്റർ വെൽനസ് എന്ന പദ്ധതി പ്രകാരംഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് പഴയകുന്നമ്മേൽ പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രത്തോട് അനുബന്ധിച്ചുള്ള സബ്സെന്ററുകളിൽ ലാബ് റീ ഏജെന്റ്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നു. പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 44 /2022-23, 01.11.2023, ഓഡിറ്റ് എൻക്വയറി നം. 45/2022-23, 01.11.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) വാങ്ങൽ നടപടിക്രമത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

SO 182/23 എന്ന പദ്ധതി പ്രകാരം പരിശോധനക്ക് വേണ്ട ലാബ് റിഏജന്റുകൾ, പരിശോധന കിറ്റ് എന്നിവ ABC DIAGNOSTICS PVT Ltd എന്ന സ്ഥാപനത്തിൽ നിന്നും 1,47,000/-, 5824/- രൂപയും, യൂണിവേഴ്സൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും ലാബ് ഉപകരണം 56,074/- രൂപയും വാങ്ങിയിട്ടുണ്ട്. SO183/23 എന്ന പദ്ധതി പ്രകാരം പരിശോധനക്ക് വേണ്ട ലാബ് റിഏജന്റുകൾ, പരിശോധന കിറ്റ് എന്നിവ ABC DIAGNOSTICS PVT Ltd എന്ന സ്ഥാപനത്തിൽ നിന്നും 89914/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പദ്ധതി ഫയലുകളിൽ മേൽ സ്ഥാപനങ്ങളിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് മാത്രമാണുള്ളത്. വാങ്ങൽ നടപടിക്രമത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആവശ്യമുള്ള സാധനങ്ങൾ ഒരു നിർദ്ദിഷ്ട കാലത്തേക്ക് സപ്ലൈ ചെയ്യുന്നതിനായി ക്വട്ടേഷൻ പരസ്യം നൽകിയതായോ ഇത്തരത്തിൽ വാങ്ങുന്ന ലാബ് റീ ഏജന്റുകളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി വാങ്ങുന്ന സ്ഥാപനവുമായി കരാർ വച്ചതായോ കാണുന്നില്ല. സർക്കാർ ഉത്തരവ് (അച്ചടി) നം. 1/2019 /എസ് പി ഡി തീയതി 2.1.2019 പ്രകാരം ലാബ് റീ ഏജന്റുകൾ റെന്റൽ കോൺട്രാക്ട് എന്ന രീതിയിൽ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിൽ ഖണ്ഡിക 7.51 ചേർത്തിരിക്കുന്നതിൽ പറഞ്ഞിരിക്കുന്നത് രോഗനിർണ്ണയത്തിനും ലാബോറട്ടറി പരിശോധനക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരന്റെ ഉടമസ്ഥതയിൽ നിലനിർത്തിയും ആവശ്യമായ റീ ഏജന്റുകളുടെ വിതരണം, ഉപകരണങ്ങളുടെ സർവ്വീസ് എന്നിവ വിതരണക്കാരൻ നടത്തേണ്ടതാണ് എന്ന നിബന്ധനകൾ ഉൾപ്പെടുത്തിയും ടെണ്ടർ ക്ഷണിക്കണം എന്നാണ്. ഓരോ പരിശോധനക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും നടത്തുന്ന പരിശോധനക്ക് മാത്രം നിരക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം പദ്ധതി നടപ്പിലാക്കുക വഴി മികച്ച സാങ്കേതിക വിദ്യ, കുറഞ്ഞ നിരക്കിൽ, ലഭ്യമാകുമ്പോൾ തന്നെ സപ്ലൈർക്ക് അപ്ഗ്രേഡ് ചെയ്യാനും കഴിയുന്നു. രോഗനിർണയത്തിനായി പുതിയ ഉപകരണം വാങ്ങുകയാണോ അതോ നിലവിൽ ഉള്ള ഉപകരണത്തിന് ആവശ്യമായ അനുബന്ധ സാധനങ്ങൾ വാങ്ങുകയാണോ എന്നതും വ്യക്തമാക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളതെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളതെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതും അപ്രകാരമല്ല നിർവഹണം നടത്തിയതെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

**2) ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല.**

SO 182/23 എന്ന പദ്ധതി പ്രകാരം SR Furniture Kuravankuzhy എന്ന സ്ഥാപനത്തിൽ നിന്നും 2 Refrigerator 46800/-(Invoice No.1639/30.12.2022) രൂപ, 2 Stabilizer 2900/- (Invoice No.1640/30.12.2022 രൂപ എന്നീ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ഫയലിൽ ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ ഇല്ല. പ്രൊക്യർമെന്റ് മാന്വൽ (സർക്കാർ ഉത്തരവ് നം. (അച്ചടി) 259/2010 തീ 8.11.2010) ഖണ്ഡിക 3 പ്രകാരം 5000/-രൂപക്ക് മുകളിലെ വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടതാണ്. ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളതെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**3) ഫർണിച്ചർ ലഭ്യമായില്ല**

കേരള മെഡിക്കൽ സർവീസസ് കോർപറേഷന് 26993/- രൂപ Executive Chair With Arm Rest, Table എന്നിവ വാങ്ങുന്നതിനായി 07.01.2023 ൽ നൽകിയിട്ടുണ്ട്. എന്നാൽ ഫർണിച്ചർ ലഭ്യമായതായി കാണുന്നില്ല. ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 26993/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഫർണിച്ചർ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ലാബ് റീ ഏജെന്റ് വാങ്ങൽ- വാങ്ങൽ നടപടിക്രമത്തിന്റെ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | SO 151/23 -ലാബ് റീ ഏജെന്റ് വാങ്ങൽ |
| അടങ്കൽ തുക | 50000- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ആകെ ചെലവ് തുക | 49976/- |
| ബിൽ നമ്പർ | 123/ 27-10-2022- 35200<br>126/ 28-10-2022- 13776<br>159/ 14-11-2022- 1000 |
| നിർവഹണം | മെഡിക്കൽ ഓഫീസർ |

ജീവിത ശൈലീ രോഗങ്ങളും മറ്റിതര രോഗങ്ങളും നിർണയിക്കുന്നതിനും ജനങ്ങൾക്ക് ശരിയായ ആരോഗ്യം നിലനിർത്തുന്നതിനും വേണ്ടിയുള്ള ലാബ് ടെസ്റ്റുകൾ നടത്തുന്നതിനായി ലാബ് റീ ഏജന്റ്സ് വാങ്ങുന്ന പദ്ധതിയാണിത്.

പദ്ധതി പ്രകാരം പരിശോധനക്ക് വേണ്ട ലാബ് റിഏജന്റുകൾ, പരിശോധന കിറ്റ് എന്നിവ ABC DIAGNOSTICS PVT Ltd എന്ന സ്ഥാപനത്തിൽ നിന്നും 35200/- രൂപക്കും 1000/- രൂപക്കും വാങ്ങിയിട്ടുണ്ട്. പദ്ധതിയിൽ ലോക്കൽ ക്വട്ടേഷൻ മുഖേനയാണ് ലാബ് റി ഏജന്റുകളും പരിശോധന കിറ്റുകളും വാങ്ങിയിട്ടുള്ളത്. മൂന്ന് സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ഫയലിൽ ലഭ്യമാണ്. എന്നാൽ ആവശ്യമുള്ള സാധനങ്ങൾ ഒരു നിർദ്ദിഷ്ട കാലത്തേക്ക് സപ്ലൈ ചെയ്യുന്നതിനായി ക്വട്ടേഷന പരസ്യം നൽകിയതായോ ഇത്തരത്തിൽ വാങ്ങുന്ന ലാബ് റീ ഏജന്റുകളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി വാങ്ങുന്ന സ്ഥാപനവുമായി കരാർ വച്ചതായോ കാണുന്നില്ല. സർക്കാർ ഉത്തരവ് (അച്ചടി) നം. 1/2019/എസ് പി ഡി തീയതി 02.01.2019 പ്രകാരം ലാബ് റീ ഏജന്റുകൾ റെന്റൽ കോൺട്രാക്ട് എന്ന രീതിയിൽ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിൽ ഖണ്ഡിക 7.51 ചേർത്തിരിക്കുന്നതിൽ പറഞ്ഞിരിക്കുന്നത് രോഗനിർണ്ണയത്തിനും ലാബോറട്ടറി പരിശോധനക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരന്റെ ഉടമസ്ഥതയിൽ നിലനിർത്തിയും ആവശ്യമായ റീ ഏജന്റുകളുടെ വിതരണം, ഉപകരണങ്ങളുടെ സർവ്വീസ് എന്നിവ വിതരണക്കാരൻ നടത്തേണ്ടതാണ് എന്ന നിബന്ധനകൾ ഉൾപ്പെടുത്തിയും ടെണ്ടർ ക്ഷണിക്കണം എന്നാണ് ഓരോ പരിശോധനക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും നടത്തുന്ന പരിശോധനക്ക് മാത്രം നിരക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം പദ്ധതി നടപ്പിലാക്കുക വഴി മികച്ച സാങ്കേതിക വിദ്യ, കുറഞ്ഞ നിരക്കിൽ, ലഭ്യമാകുമ്പോൾ തന്നെ സപ്ലൈർക്ക് അപ്ഗ്രേഡ് ചെയ്യുവാനും കഴിയുന്നു. നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളതെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് (ഓഡിറ്റ് എൻക്വയറി നം. 46 /2022-23, 01.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നടപടിക്രമങ്ങൾ പാലിച്ചാണ് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളതെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതും അപ്രകാരമല്ല നിർവഹണം നടത്തിയതെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-24 മൾട്ടി പർപ്പസ് പ്രിന്റർ എ.എം.സി ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | SO 103/23 -മൾട്ടി പർപ്പസ് പ്രിന്റർ എ.എം.സി |
| അടങ്കൽ തുക | 12000- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ആകെ ചെലവ് തുക | 11800/- |
| ബിൽ നമ്പർ | 92/ 27-09-2022-11800 |
| നിർവഹണം | മെഡിക്കൽ ഓഫീസർ |

മൾട്ടി പർപ്പസ് പ്രിന്റർ എ.എം.സി എന്ന പദ്ധതി പ്രകാരം Unicom Infotel Pvt Ltd എന്ന സ്ഥാപനത്തിന് 11800/- രൂപ നൽകിയിട്ടുണ്ട്. ഫയലിൽ ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ ഇല്ല. പ്രൊക്വർമെന്റ് മാന്വൽ (സർക്കാർ ഉത്തരവ് നം. (അച്ചടി) 259/2010 തീ 8.11.2010) ഖണ്ഡിക 3 പ്രകാരം 5000/-രൂപക്ക് മുകളിലെ വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്വട്ടേഷൻ രേഖകൾ ഹാജരാക്കവാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 47/2022-23, തീയതി 01.11.2023) മറുപടി ലഭ്യമാക്കിയില്ല.

ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല,

| പ്രോജക്ടിന്റെ വിശദാംശം | റിമാർക്സ് |
|---|---|
| പ്രോജക്ട് നം.95<br>പേര്- ഐ.കെ.എം വിഹിതം നൽകൽ<br>അടങ്കൽ- വികസനഫണ്ട് 86508/-<br>ചെലവ് തുക – 78625/-<br>ബിൽ നം. 73/14.9.22- 78625/- | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| പ്രോജക്ട് നം. 125<br>പേര്- ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം വിഹിതം കൈമാറൽ<br>അടങ്കൽ- വികസനഫണ്ട് 350000<br>ചെലവ് തുക – 350000<br>ബിൽ നം.79/16.9.22 -350000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിററ് എൻക്വയറി 10/26.10.23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 തെരുവുവിളക്ക് ഉപകരണങ്ങൾ – സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 138 |
| പ്രോജക്റ്റിന്റെ പേര് | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | വികസനഫണ്ട് 325000<br>തനത് ഫണ്ട് 50000 |
| ചെലവ് | തനത് ഫണ്ട് 50000<br>വികസനഫണ്ട് 320835 |
| ബിൽ നമ്പർ | ചെക്ക് നം. 5743973/9.12.22-50000<br>ബിൽ നം. 99/13.10.22-184220<br>153/13.11.22-115780<br>534/31.3.23-20835 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടെണ്ടർ ക്ഷണിച്ചാണ് തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. 26.8.2022 ലെ 2/1 -ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം ക്വാട്ട് ചെയ്തിട്ടുള്ള വിവിധ കമ്പനികളുടെ ബൾബുകളുടെ ഗുണമേന്മ സംബന്ധിച്ച് കെ.എസ്.ഇ.ബി, എ.ഇയുടെ അഭിപ്രായം തേടിയിട്ടുണ്ട്. Panasonic എന്ന കമ്പനിയുടെ ബൾബ് ഒഴികെയുള്ളവ താരതമ്യേന ഗുണനിലവാരമുള്ളവയാണെന്ന് കെ.എസ്.ഇ.ബി എ.ഇ അറിയിച്ചതിനാൽ ടി ബൾബ് ക്വാട്ട് ചെയ്തിട്ടുള്ള സ്ഥാപനം ഒഴികെയുള്ളവയിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Newage System Integrators എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ ഭരണസമിതി തീരുമാനത്തിൽ പരാമർശിച്ചിട്ടുള്ള കെ.എസ്.ഇ.ബി, എ.ഇയുടെ റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമല്ല.

2. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും വിശദാംശങ്ങൾ ലഭ്യമല്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 തെരുവുവിളക്ക് പരിപാലനം- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 130 |
| പ്രോജക്റ്റിന്റെ പേര് | തെരുവു വിളക്ക് പരിപാലനം |
| അടങ്കൽ | തനത് ഫണ്ട് 350000 |
| ചെലവ് | തനത് ഫണ്ട് 217980 |
| ബിൽ നമ്പർ | ചെക്ക് നം. 5743962/31.10.22-48048<br>5743971/9.12.22-50568<br>5743978/9.12.22-48804<br>5743982/3.1.23-29064<br>913840/9.2.23-25788<br>915186/28.2.23-15708 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

17 വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളിൽ കേടാകുന്നവ യഥാസമയം അറ്റകുറ്റപ്പണി നടത്തുക, നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി ലൈറ്റുകളിൽ കേടായവ അറ്റകുറ്റപ്പണി നടത്തുന്നതിനായി ഇലക്ട്രിക് പോസ്റ്റുകളിൽ നിന്നും ഇളക്കി മാറ്റി കെ.എസ്.ഇ.ബിയ്ക്ക് കൈമാറുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 7-08-2015 ലെ ജി.2/44274/15 -ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2 മേൽ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും

നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. അത്തരത്തിലൊരു സംവിധാനം പഞ്ചായത്തിലുണ്ടോയെന്നതിൽ വ്യക്തതയില്ല

3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ്, റിടെൻഷൻ എന്നിവ ഈടാക്കിയിതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

4. 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്.ഇവ സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

6) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തായി കാണുന്നില്ല

7) തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ വാടകയിനത്തിൽ തുക നൽകുമ്പോൾ ട്രിപ്പ് ഷീറ്റിൽ വിവരങ്ങൾ പൂർണമായും ഉൾപ്പെടുത്തുന്നില്ല. തെരുവ് വിളക്ക് പരിപാലന റിപ്പോർട്ട്, വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി എന്നിവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്ന വിവരങ്ങളും ലഭ്യമല്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി- അധികതുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 154 |
| പ്രോജക്റ്റിന്റെ പേര് | ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി |
| അടങ്കൽ | തനത് ഫണ്ട് 300000 |
| ചെലവ് | തനത് ഫണ്ട് 295000 |
| ചെക്ക് നമ്പർ | ചെക്ക് നം.5743983/4.1.2023 – 295000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ളതും നിർവ്വഹണ ഏജൻസിയുമായുള്ള കരാർ പ്രകാരമുള്ള വാറണ്ടി പീരിഡ് കഴിഞ്ഞതുമായ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിയ്ക്കായി വാർഷിക കരാറിൽ ഏർപ്പെടുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. അറ്റകുറ്റപ്പണിയ്ക്കായി അംഗീകൃത ലൈസൻസുള്ള വ്യക്തികളിൽ നിന്ന് ടെണ്ടർ ക്ഷണിക്കുകയും അറ്റകുറ്റപ്പണിക്ക് ശേഷം ഇലക്ട്രിക്കൽ എഞ്ചിനീയർ നൽകുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ടെണ്ടർ ക്ഷണിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്തിട്ടുള്ള മാത്യൂ ജോസഫ് & അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റിന് 29500 രൂപയും മിനിമാസ്റ്റ് ലൈറ്റിന് 23600 രൂപയും ആണ് മാത്യൂ ജോസഫ് & അസോസിയേറ്റ്സ് ക്വാട്ട് ചെയ്തിരുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 21.12.2022 ൽ നൽകിയ സാക്ഷ്യപത്രം പ്രകാരം 6 ഹൈമാസ്റ്റ് ലൈറ്റും 4 മിനിമാസ്റ്റ് ലൈറ്റുമാണ് റിപ്പയർ ചെയ്തിട്ടുള്ളത്. എന്നാൽ മാത്യൂ ജോസഫ് & അസോസിയേറ്റ്സിന്റെ Invoice No.012/22/20.12.22 പ്രകാരം ഹൈമാസ്റ്റ് ലൈറ്റ് 6 എണ്ണത്തിനും മിനിമാസ്റ്റ് ലൈറ്റ് 5 എണ്ണത്തിനുമാണ് തുക ആവശ്യപ്പെട്ടിട്ടുള്ളത്(6X29500+5X23600=295000 രൂപ). ചെക്ക് നം.5743983/4.1.2023 പ്രകാരം 295000 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഒരു മിനിമാസ്റ്റ് ലൈറ്റിന്റെ റിപ്പയറിംഗ് ചാർജ്ജ് തുക അധികമായി നൽകിയതിന്റെ കാരണം വ്യക്തമല്ല

2. പദ്ധതിയിൽ വിഭാവം ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഇലക്ട്രിക്കൽ എഞ്ചിനീയർ നൽകുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അല്ലാതെ തുക നൽകിയതിന്റെ കാരണം വ്യക്തമല്ല

3. ലഭ്യമാക്കിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഹൈമാസ്റ്റ്/ മിനിമാസ്റ്റ് എന്നിങ്ങനെ സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശം ലഭ്യമല്ല. തദ്ദേശഭരണസ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ആകെ മിനിമാസ്റ്റ്/ ഹൈമാസ്റ്റ് ലൈറ്റുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള പ്രകാരം റിപ്പയർ ചെയ്ത ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച വർഷം, അവയുടെ വാറണ്ടി കാലയളവ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അധികമായി ഒരുമിനിമാസ്റ്റിന് നൽകിയ 23600 രൂപ തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-29 പഞ്ചായത്തിന് വാഹനം വാങ്ങൽ -അപാകതകൾ

A)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 136 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങൽ |
| അടങ്കൽ | തനത്ഫണ്ട് 1000000 |
| ചെലവ് | 1000000(സുലേഖ പ്രകാരം) |
| ചെക്ക് നമ്പർ | ചെക്ക് നം, 327858/30.3.23-1287535/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

&

B)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 180 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് വാഹനത്തിന് ഇൻഷുറൻസ്, രജിസ്ട്രേഷൻ ഫീസ് മറ്റ് അനുബന്ധ ചെലവുകൾ |
| അടങ്കൽ | തനത്ഫണ്ട് 300000 |
| ചെലവ് | 295000/- (സുലേഖ പ്രകാരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്റ്റ് A പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള വാഹനം പഴക്കം ചെന്നതും അടിക്കടി അറ്റകുറ്റപ്പണി ആവശ്യമായി വന്ന സാഹചര്യത്തിലും ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള യാത്രകൾ മുടക്കം വരാതിരിക്കാനായി പുതിയ വാഹനം GEM മുഖേന വാങ്ങുന്നതിന് 1000000 രൂപ തനത് ഫണ്ട് വകയിരുത്തിയിരുന്നു.

പ്രോജക്റ്റ് B പ്രകാരം പഞ്ചായത്ത് വാഹനത്തിന് ഇൻഷുറൻസ്, രജിസ്ട്രേഷൻ ഫീസ് മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കാണ് പ്രോജക്റ്റിൽ തനത്ഫണ്ടിൽ നിന്ന് മൂന്ന് ലക്ഷം രൂപ വകയിരുത്തിയിരുന്നത്.

പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

1. GEM മുഖേന Scorpio Classic, Mahindra & Mahindra യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. 15.2.2023 കരാർ പ്രകാരം 1246687/- രൂപയാണ് Mahindra & Mahindra ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ ചെക്ക് നം. 327858/30.3.2023 പ്രകാരം 1287535/- രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം ചെലവ് തുകയ്ക്ക് വ്യത്യാസം വന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 40 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

2. പഞ്ചായത്ത് ഓഫീസിന് വാഹനം വാങ്ങുന്നതിന് പ്രോജക്റ്റ് നം, 136 പ്രകാരം 1000000/- രൂപ മാത്രം വകയിരുത്തിയിരിക്കെ 1287535/- രൂപ ചെലവഴിച്ചു. പ്രോജക്റ്റ് റിവൈസ് ചെയ്തിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി 40 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനം വാങ്ങലിനായി 1000000 രൂപയും ഇൻഷ്വറൻസ് രജിസ്ട്രേഷൻ, അനുബന്ധച്ചെലവുകൾ എന്നിവയ്ക്കായി 300000/- രൂപയും വകയിരുത്തിയിരുന്നുവെങ്കിലും 20.08.2022 ലെ 2030/2022/lsgd പ്രകാരം 1300000/- രൂപ വരെ വാഹനം വാങ്ങാൻ ചെലവഴിക്കാമെന്നതിനാൽ രണ്ട് പ്രോജക്റ്റുകളുടേയും തുക വാഹനം വാങ്ങുന്നതിന് വേണ്ടി വിനിയോഗിച്ചുവെന്നും GEM മുഖേന ഇൻവോയിസ് ലഭിച്ച ശേഷം പദ്ധതി ഭേദഗതി ചെയ്യാൻ കഴിയാത്തതിനാലാണ് തുക വിനിയോഗിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് വാഹനത്തിന് ഇൻഷുറൻസ്, രജിസ്ട്രേഷൻ ഫീസ് മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചശേഷം സ്പിൽ ഓവർ പ്രോജക്റ്റിൽ അധിക തുക ഉൾപ്പെടുത്തി റീക്രൂപ്പ് ചെയ്യുന്നതിന് തീരുമാനിച്ചതായും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3. 2023-24 വർഷത്തെ സുലേഖ എക്സ്പെൻഡിച്ചർ റിപ്പോർട്ട് പ്രകാരം പ്രോജക്റ്റ് നം. 174 പ്രകാരം വാഹനത്തിന് ഇൻഷുറൻസ്, രജിസ്ട്രഷൻ മറ്റ് അനുബന്ധച്ചെലവുകൾ എന്നിവയ്ക്കായി 25000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ വിനിയോഗിച്ചതായി കാണുന്നില്ല. വാഹനം ഉപയോഗിക്കുന്നുണ്ട് എന്നതിനാൽ ആയതിന്റെ ഇൻഷ്വറൻസ്, രജിസ്ട്രേഷൻ, അനുബന്ധച്ചെലവുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-30 ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 166 |
| പ്രോജക്റ്റിന്റെ പേര് | ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 135000<br>കേന്ദ്രാവിഷ്കൃതഫണ്ട് 363255 |

| | |
|---|---|
| ചെലവ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 135000<br>കേന്ദ്രാവിഷ്കൃത ഫണ്ട് 348779<br>(സുലേഖ പ്രകാരം ചെലവ് 363255രൂപയാണ്) |
| ബിൽ നമ്പർ | ബിൽ നം. 434/15.03.23- 135000<br>വൌച്ചർ നം. 22201481/31.3.23-348779 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ജില്ലാശുചിത്വമിഷന്റെ 14.7.2021 ലെ 123/DSM/TVM/21 നം കത്തു പ്രകാരം എം.സി.എഫ് ഉള്ള ത.സ്വ.ഭ.വ സ്ഥാപനങ്ങളിൽ ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ വാങ്ങുന്നതിന് ആകെ തുക 450000/- രൂപയിൽ പരിമിതപ്പെടുത്തണമെന്നും ടി തുകയിൽ 315000 രൂപ (ശുചിത്വ മിഷൻ ഫണ്ട്),135000 രൂപ (ഫിനാൻസ് കമമീഷൻ ഗ്രാന്റ് )എന്നിങ്ങനെ രേഖപ്പെടുത്തുവാനമാണ് നിർദ്ദേശം. ONIRO Digital Private Ltd എന്ന സ്ഥാപനത്തിൽ നിന്ന് GEM മുഖേനയാണ് ഇലക്ട്രിക് വാഹനം വാങ്ങിയിരിക്കുന്നത്.

ONIRO Digital Private Ltd ന്റെ Proforma Invoice പ്രകാരം (458/6.3.23) 498255/- രൂപയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയിസ് നം. ODC0106/6.3.2023 പ്രകാരം Accessories ന് 3900/- രൂപയും ടാക്സ് ഇൻവോയിസ് നം. OVSoo18/6.3.2023 പ്രകാരം APE EXTRA FX NE MAX PU-LB പ്രകാരം 482500/- രൂപയും ആണ് നൽകേണ്ടത്. ആകെ 486400/- രൂപ . സുലേഖ എക്സ്പെൻഡിച്ചെർ സ്റ്റേറ്റമെന്റ് പ്രകാരം ആകെ ചെലവ് 498255 രൂപയും മേൽ പരാമർശിച്ചിട്ടുള്ള ബിൽ നം. വൌച്ചർ നം. എന്നിവ പ്രകാരമുള്ള ആകെ ചെലവ് 483779/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ പരാമർശിട്ടുള്ള ജില്ലാ ശുചിത്വ മിഷന്റെ കത്തു പ്രകാരം വാഹനത്തിന്റെ വില 450000/- രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണെന്നിരിക്കെ അതിനേക്കാൾ അധികമായി ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19/27.10.23 ന് ഒനിറോ ഡിജിറ്റലിന്റെ പ്രോഫോർമ ഇൻവോയിസ് പ്രകാരമാണ് 498225/-രൂപയ്ക്ക് സാംഖ്യയിൽ ആദ്യ ബിൽ തയ്യാറാക്കിയതെന്നും പിന്നീട് ലഭ്യമായ ടാക്സ് ഇൻവോയിസ് പ്രകാരം 486400/- രൂപയാണ് യഥാർത്ഥത്തിൽ നൽകേണ്ടതെങ്കിലും 483779/- രൂപ മാത്രമേ മേൽ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളുവെന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പ്രോഫോർമ ഇൻവോയിസ് പ്രകാരം സാംഖ്യയിൽ ചെലവുരേഖപ്പെടുത്തുക വഴി യാഥാർത്ഥചെലവിനേക്കാൾ കൂടുതൽ എക്സിപെൻഡിച്ചർ റിപ്പോർട്ടിൽ രേഖപ്പെടുത്തൽ വരികയും വാർഷികധനകാര്യപത്രികയിൽ അത് പ്രതിഫലിക്കുകയും ചെയ്യു. ടാക്സ് ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മാത്രം ബില്ലുകൾ തയ്യാറാക്കുന്നതിനും ചെലവ് ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 സമത്വതീരം ശ്മശാനം നടത്തിപ്പ് - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 1,43,100/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 133 |
| പ്രോജക്റ്റിന്റെ പേര് | സമത്വതീരം ശ്മശാനം നടത്തിപ്പ് ചെലവുകൾ |
| അടങ്കൽ | തനത്ഫണ്ട് 800000 |
| ചെലവ് | 749350 |
| ബിൽ നമ്പർ | ചെക്ക് നം./തുക-<br>5743958/26.9.22- 211150<br>5743959/30.9.22-70850<br>5743972/14.11.22-54900<br>5743974/29.11.22-35700<br>5743985/27.1.23-52500<br>5743992/10.2.23-270850<br>5743998/10.3.23-53400 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ശ്മശാനം നടത്തിപ്പിനായി ടെണ്ടറിലൂടെ തെരഞ്ഞെടുത്തിട്ടുള്ള എം.എച്ച് ഏജൻസീസ് എന്ന സ്ഥാപനത്തിന് കരാർ പ്രകാരം പ്രതിമാസം നൽകേണ്ട തുക അനുവദിക്കുക, ശ്മശാനത്തിന് ആവശ്യമായ ഗ്യാസ് സിലിണ്ടറുകൾ വിതരണം ചെയ്യുന്ന സ്ഥാപനത്തിന് തുക അനുവദിക്കുക, ശ്മശാനത്തിന്റെ ഇലക്ട്രിസിറ്റി ബിൽ അനുവദിക്കുക, കരാറിൽ നിശ്ചയിച്ചിട്ടുള്ളത് പ്രകാരം അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്ന പക്ഷം അത് നിർവ്വഹിക്കുക എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ചെക്ക് നം. 5743972/14.11.22-54900, 5743974/29.11.22-35700, 5743985/27.1.23-52500 എന്നീ ചെലവുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. വിവിധ ബില്ലുകളിലായി ഗ്യാസ് സിലിണ്ടർ വാങ്ങിയ ഇനത്തിൽ ഉണ്ണി ഗ്യാസ് ഏജൻസീസ് എന്ന സ്ഥാപനത്തിന് 237050/- രൂപ നൽകിയിട്ടുണ്ട്. ഗ്യാസ് സിലിണ്ടറുകൾ സ്റ്റോക്കിലെടുത്തതിന്റേയും വിനിയോഗിച്ചതിന്റേയും വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 143100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഗെയിംസ് ഫെസ്റ്റിവൽ- ചെലവ് രേഖകൾ ആധികാരിക ഉറപ്പാക്കാനായിട്ടില്ല - 57,323/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 164 |
| പ്രോജക്റ്റിന്റെ പേര് | ഗെയിംസ് ഫെസ്റ്റിവൽ |
| അടങ്കൽ | വികസനഫണ്ട് 60000 |
| ചെലവ് | 57323 |
| ബിൽ നമ്പർ | 253/6.1.23- 22050<br>290/20.1.23-35273 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

1. പ്രസ്തുത പദ്ധതിയ്ക്കായി ആകെ 57323/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും TR59E ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

2. ആകെ 53172/- രൂപയുടെ ചെലവുരേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 4151/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 57323/- രൂപ തടസ്സം ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-33 ഡിജിറ്റൽ സാക്ഷരത ഗ്രാമപഞ്ചായത്ത് വിഹിതം- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 177 |
| പ്രോജക്റ്റിന്റെ പേര് | ഡിജിറ്റൽ സാക്ഷരത ഗ്രാമപഞ്ചായത്ത് വിഹിതം |
| അടങ്കൽ | വികസനഫണ്ട് 50000 |
| ചെലവ് | 49600 |
| ബിൽ നമ്പർ | 500/28.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഡിജിറ്റൽ സാക്ഷരതയിൽ പരിശീലനം നൽകുന്നതിനായി കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിന് 50000/- രൂപ വകയിരുത്തിയിരുന്നുവെന്നും എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 22.2.2023 ലെ 4(4) -ാം നം. തീരുമാനപ്രകാരം ടി തുക ഡിജിറ്റൽ സാക്ഷരതയുടെ പഞ്ചായത്ത് തല സംഘാടനം, നടത്തിപ്പ്, പ്രചാരണം എന്നീ ചെലവുകൾക്കായി വിനിയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതിനാൽ പദ്ധതി ഭേദഗതി ചെയ്യുന്നതായി പദ്ധതി രൂപീകരണ ഫോറത്തിലെ ലക്ഷ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 27.3.2023 ൽ മൻമദൻനായർ, കല്ലറ കാറ്ററിംഗ് സർവീസ് നൽകിയ കത്ത് പ്രകാരം 22.3.23ൽ ബജറ്റ് അവതരണയോഗത്തിലേയ്ക്ക് 100 പേർക്ക് സദ്യ നൽകിയ വകയിൽ ചെലവായ 16000/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ചെലവിൽ നിന്ന് ബജറ്റ് അവതരണയോഗത്തിലേയ്ക്ക് ഭക്ഷണം വിതരണം ചെയ്ത ഇനത്തിലെ ചെലവ് ചെയ്തതിന്റെ കാരണം വ്യക്തമല്ല

2. ഡിജിറ്റൽ സാക്ഷരതയുടെ പഞ്ചായത്ത് തല സംഘാടനം, നടത്തിപ്പ്, എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-34 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ -ചെലവുരേഖകൾ പൂർണ്ണമല്ല - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 134 |
| പ്രോജക്റ്റിന്റെ പേര് | ഐ.എസ്.ഒ സർട്ടിഫിക്കേഷന് വേണ്ട പ്രവർത്തനങ്ങൾ |
| അടങ്കൽ | തനത് ഫണ്ട് 100000 |
| ചെലവ് | തനത് ഫണ്ട് 89055 (സുലേഖ പ്രകാരം) |
| ബിൽ നമ്പർ | ചെക്ക് നം. 913828/7.2.23-14175 |

| | |
|---|---|
| | 913828/7.2.2023-13500<br>913831/7.2.23-4005<br>913380/11.1.23-29700<br>27675/- രൂപയുടെ ചെക്കിന്റെ വിശദാംശം ലഭ്യമല്ല |

ഏജൻസിയെ ക്വട്ടേഷൻ നടപടികളിലൂടെ നിശ്ചയിക്കുക, റെക്കോർഡുകൾ തയ്യാറാക്കുന്നതിന് ആവശ്യാനുസരണമുള്ള സാധനങ്ങൾ വാങ്ങുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ചെക്ക് നം. 913831/7.2.2023 പ്രകാരം ശ്രീമതി ദീപ. എം.ആർ എന്ന വ്യക്തിയ്ക്ക് 4005/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ചെക്ക് നം. 913380/11.1.2023 പ്രകാരം ഡെറ്റാ എൻട്രി നടത്തുന്നതിലേക്കായി 29700/- രൂപ ശ്രീ അമ്പാടി മോഹന് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലഭ്യമാക്കിയ മസ്റ്റ് റോൾ പ്രകാരം മാർച്ച് മാസത്തിൽ ഡേറ്റാ എൻട്രി നടത്തിയ ഇനത്തിൽ ശ്രീ. അമ്പാടി .എ. മോഹന് 20x675 = 13500 രൂപയും ശ്രീ വൈശാഖിന് 21x675= 14175 രൂപയും ഉൾപ്പെടെ ആകെ 27675/- രൂപയാണ് ചെലവ്. ബാക്കി തുകയുടെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

3. 14.11.22 ലെ 11/1-ാം നം. തീരുമാന പ്രകാരം സർട്ടിഫിക്കേഷന് വേണ്ടിയുള്ള കൺസൾട്ടൻസി സേവനഫീസ് കിലയ്ക്ക് അടവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. കിലയ്ക്ക് കൺസൾട്ടൻസി സേവന ഫീസ് അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംംശം ലഭ്യമാക്കേണ്ടതാണ്.
ആകെ 61380/- രൂപയുടെ ചെലവ് രേഖകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സുലേഖ പ്രകാരം ചെലവ് 89055/- രൂപയാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 15/27.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-35 AMC- കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 110 |
| പ്രോജക്റ്റിന്റെ പേര് | എ.എം.സി കമ്പ്യൂട്ടറും<br>അനുബന്ധ ഉപകരണങ്ങളും |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 201108 |
| ചെലവ് | 201108 |
| ബിൽ നമ്പർ | 81/16.09.2022-30680<br>174/27.11.2022-20000<br>242/31.12.2022-131843<br>408/8.3.23-11033<br>512/30.3.23-7552 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കമ്പ്യൂട്ടറിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും എ.എം.സിയ്ക്കായി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. Keltron ന്റെ 2.3.2023 ലെ IITBG/IIS/RN/22-23/1067 പ്രകാരം എ.എം.സി ഇനത്തിൽ 170156 രൂപയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. എന്നാൽ ബിൽ നം. 242/31.12.2022 പ്രകാരം 131843/- രൂപയും ബിൽ നം. 512/30.3.23 പ്രകാരം 7552/- രൂപയും ആണ് കെൽട്രോണിന് നൽകിയിരിക്കുന്നത്. (ആകെ 139395/- രൂപ) ഇപ്രകാരം തുക കുറവായി നൽകിയതിന്റെ കാരണം വ്യക്തമല്ല. മേൽ പ്രോജക്ട് 23-24 വർഷം സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണുമായി കരാറിലേർപ്പെട്ടതിന്റെ രേഖകകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഭരണസമിതിയുടെ 13.12.2022 ലെ 2/2 നം. തീരുമാന പ്രകാരം ഇന്റർകോംസിസ്റ്റത്തിന്റെ എ.എം.സി പുതുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത Universal Systems (തുക 7552/-) നെ അംഗീകരിച്ചിട്ടുണ്ട്. ഇന്റർകോംസിസ്റ്റത്തിന്റെ എ.എം.സി പുതുക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇന്റർകോം നിലവിൽ പ്രവർത്തനക്ഷമമാണെങ്കിൽ വിശദാശം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 58/02.11.23)

## 1-36 ടേക്ക് എ ബ്രേക്ക് -ടോയ് ലറ്റിലേക്ക് വാട്ടർ കണക്ഷൻ-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 191 |
| പ്രോജക്റ്റിന്റെ പേര് | ടേക്ക് എ ബ്രേക്ക് -ടോയ് ലറ്റിലേക്ക് വാട്ടർ കണക്ഷൻ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 204000 |
| ചെലവ് | 66800 |
| ബിൽ നമ്പർ | ബിൽ നം. 184/30.11.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം പഞ്ചായത്തിൽ പുതുതായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള ടോയ്‌ലറ്റിലേയ്ക്കും പഞ്ചായത്ത് ബസ് സ്റ്റാന്റ് ടോയ് ലറ്റിലും വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്

വാട്ടർ അതോറിറ്റിയുടെ 18.11.2022 ലെ 1089/DB2/2022/WSD-ATGL-TvPm പ്രകാരം 28000/- രൂപയുടെ എസ്റ്റിമേറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ ബിൽ പ്രകാരം 66800 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിന്റെ കാരണം വ്യക്തമല്ല വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 39/31.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-37 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ഷീറ്റ് ഫെഡ് സ്കാനർ വാങ്ങിയോയെന്നതിൽ വ്യക്തതയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 181 |
| പ്രോജക്റ്റിന്റെ പേര് | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | വികസനഫണ്ട് 188334 |
| ചെലവ് | 169960 (സുലേഖ പ്രകാരം) |
| ബിൽ നമ്പർ | ബിൽ നം. 213/17.12.2022-169960 |

ലാപ് ടോപ്പും ഷീറ്റ് ബെഡ് സ്കാനറും, ഫോട്ടോകോപ്പി സ്കാനർ/പ്രിന്റിംഗ് സൌകര്യങ്ങളോട് കൂടിയ മൾട്ടിപർപ്പസ് പ്രിന്റർ തുടങ്ങിയവ വാങ്ങുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. 2021-22 സാമ്പത്തിക വർഷം CPRCS മുഖേന 2 ഫ്ലാറ്റ് ബെഡ് സ്കാനർ വാങ്ങുന്നതിന് 14138/- രൂപ അടവാക്കിയിരുന്നുവെന്നും എന്നാൽ പ്രസ്തുത സ്കാനർ CPRCS മുഖേന ലഭ്യമല്ല എന്ന് അറിയിച്ചതിനാൽ നിലവിലെ പ്രൈസ് ലിസ്റ്റ് പ്രകാരം ലഭ്യമാണെന്ന് അറിയിച്ചിട്ടുള്ള ഷീറ്റ് ഫെഡ് സ്കാനർ വാങ്ങുന്നതിന് ഇനി അധികമായി ആവശ്യമുള്ള തുകയും മേൽ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതായി പ്രോജക്ടിന്റെ ലക്ഷ്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

GEM മുഖേന കാർത്തിക് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്ന് Canon Multifunction Machines With Duplex And DADF എന്ന സ്കാനർ 169960/- രൂപയ്ക്ക് വാങ്ങിയതിന്റെ ചെലവുരേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന ഷീറ്റ് ബെഡ് സ്കാനർ CPRCS ൽ നിന്ന് വാങ്ങിയിട്ടുണ്ടോയെന്ന് ഫയലിൽ വ്യക്തമല്ല. കമ്പ്യൂട്ടർ ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ KELTRON ന്റെ Tvm/ITBG/PI/RC/45004/22-23/11.01.2024 പ്രകാരം A3- Sheet Bed Scanner ലഭിച്ചതായും അത് സ്റ്റോക്കിലെടുത്തതായും കാണുന്നു. മേൽ പ്രോജക്ട് പ്രകാരം ഷീറ്റ് ബെഡ് സ്കാനർ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39/31.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 ഫീസിബിളിറ്റിസർട്ടിഫിക്കറ്റ് വിശദാംശം ലഭ്യമല്ല

വൗച്ചർ നം. 22200204/1.7.22 ചെക്ക് നം. 869909 എന്നിവ പ്രകാരം ജില്ലാപഞ്ചായത്ത് പ്രോജക്ട് നം. 108/23 പ്രകാരം നെടുമ്പാറ ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി, പഴയകന്നമ്മേൽ ഗ്രാമപഞ്ചായത്ത് പ്രോജക്ട് നം.8/23 തട്ടത്തുമല അംഗൻവാടി കിണർ നിർമ്മാണം എന്നീ പദ്ധതികൾക്കായി ഭൂജലവകുപ്പിന്റെ ഫീസിബിളിറ്റി സർട്ടിഫിക്കറ്റിനായി 3870 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫീസിബിളിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ/പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26 (1) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-39 അഡ്വക്കേറ്റ് ഫീസ്- ഇൻകംടാക്സ് ഈടാക്കിയില്ല

വൗച്ചർ നം. 22200475/2.9.22 ചെക്ക് നം. 912397/5.922 പ്രകാരം 63900/- രൂപ അഡ്വക്കേറ്റ് ഫീസിനത്തിൽ ശ്രീ. അടയമൺ .വി. അജയകുമാറിന് നൽകിയിട്ടുണ്ട്. ഇൻകംടാക്സിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/30.10.23 ന് അഞ്ച് കേസുകളുടെ അഡ്വക്കേറ്റ് ഫീസാണ് അജയകുമാറിന് നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇൻകംടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്ക്

ഒരു വർഷം 30000 രൂപയിൽ കൂടുതൽ ഒരു വ്യക്തിയ്ക്ക് നൽകുന്ന സാഹചര്യത്തിൽ 1 % തുക ഇൻകംടാക്സ് ഇനത്തിൽ ഈടാക്കി അടവാക്കേണ്ടതാണെന്നിരിക്കെ മേൽ മറുപടി സ്വീകാര്യമല്ല. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും ഇൻകംടാക്സ് ആക്ട് പ്രകാരം ടാക്സ് ഈടാക്കേണ്ട സാഹചര്യങ്ങളിൽ അവ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## 1-40 എ.ഇയുടെ വാല്യൂവേഷൻ ലഭ്യമാക്കിയില്ല- ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല

വൗച്ചർ നം. 22201027/25.01.23 ചെക്ക് നം. 913802 പ്രകാരം 12-ാം വാർഡിലെ ചാരുപാറ റോഡ് സൈഡിൽ നിക്ഷേപിച്ചിരുന്ന വേസ്റ്റ് ജെ.സി.ബി ഉപയോഗിച്ച് നീക്കം ചെയ്തതിന് 9000/- രൂപ ശ്രീ. റിജു എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ എ.ഇയുടെ വാല്യൂവേഷൻ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവിന്റെ ആധികാരിക ഉറപ്പാക്കാനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26(3)/30.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-41 ലൈബ്രറിയിലേയ്ക്ക് പുസ്തകം വാങ്ങൽ- സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല

വൗച്ചർ നം. 22200462/2.9.22 ചെക്ക് നം. 912400/2.9.22 പ്രകാരം 23520/- രൂപ ലൈബ്രറിയിലേയ്ക്ക് പുസ്തകം വാങ്ങുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. അവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26/30.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-42 പഞ്ചായത്ത് ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- നഷ്ടപരിഹാരം അടവാക്കിയതിൽ വ്യക്തതയില്ല

വൗച്ചർ നം. 22201066/01.2.23 ചെക്ക് നം. 5743989/01.2.23 പ്രകാരം പഞ്ചായത്ത് ബസ് സ്റ്റാന്റിന് വേണ്ടി സ്ഥലം ഏറ്റെടുത്ത വകയിൽ അധിക നഷ്ടപരിഹാരത്തിനായി വസ്തു ഉടമകൾ ഫയൽ ചെയ്തിട്ടുള്ള LAR 5/2004 നമ്പർ കേസിൽ അധിക നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് ബഹു.ആറ്റിങ്ങൽ സബ്കോടതിവിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ അധിക നഷ്ടപരിഹാരമായി നൽകേണ്ട 5789201/- രൂപയുടെ 43.18% തുകയായ 25 ലക്ഷം രൂപ 8443-00-117-99-0 എന്ന ഹെഡ്സ് ഓഫ് അക്കൌണ്ടിലേയ്ക്ക് അടവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 29.04.2021 ലെ 2(1) ലെ ഭരണസമിതി തീരുമാനപ്രകാരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിന വേണ്ടി ഭൂമി ഏറ്റെടുത്ത് ലാൻറ് അക്വിസിഷൻ തഹസിൽദാർ നിശ്ചയിച്ച വില അപര്യാപ്തമാണെന്ന കാണിച്ച് വസ്തു ഉടമകൾ ആറ്റിങ്ങൽ സബ്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നതായും പ്രസ്തുത കേസ് പരിഗണിച്ച ആറ്റിങ്ങൽ സബ്കോടതി, ഭൂമി വിട്ടുനൽകിയ വസ്തു ഉടമകൾക്ക് അധിക വിഹിതം നൽകുന്നതിന് ഉത്തരവ് നൽകുകയുണ്ടായതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ആറ്റിങ്ങൽ സബ്കോടതി, വിധിയിലെ ഡിക്രി തുകയുടെ 50 ശതമാനം കോടതിയിൽ കെട്ടിവയ്ക്കേണ്ടതാണെന്നും ആയതിൻ പ്രകാരം 51,08,148/- രൂപ ആറ്റിങ്ങൽ സബ്കോടതിയിൽ കെട്ടിവയ്ക്കുകയും ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആറ്റിങ്ങൽ സബ്കോടതി ജഡ്ജ്മെൻറ് പ്രകാരം കടപ്പനക്കുന്ന് എൽ.എ യൂണിറ്റ്, അഡീഷണൽ തഹസിൽദാർ, ലഭ്യമാക്കിയ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ രണ്ട് കേസുകൾക്കുള്ള തുക ഗ്രാമപഞ്ചായത്ത് കെട്ടി വച്ചതായും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 7 കേസുകളുടേയും കാൽക്കുലേഷൻ സ്റ്റേറ്റ്മെൻറ് അഡീഷണൽ തഹസിൽദാർ ലഭ്യമാക്കിയിരുന്നുവെങ്കിലും ആയതിൽ പലിശ കണക്കാക്കിയിരിക്കുന്നത് കോടതി വിധിക്ക് അനുസൃതമല്ലാത്തതിനാൽ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പുനപരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും വിവരം അഡീഷണൽ തഹസിൽദാരെ കത്ത് മുഖാന്തിരം അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അഡീഷണൽ തഹസീൽദാർ, അവശേഷിക്കുന്ന കേസുകളുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ബഹു: സർക്കാർ അനുമതിയോടുകൂടി വസ്തു വിട്ടു നൽകിയ വ്യക്തികൾക്ക് തുക നൽകുന്നതിനായി കെട്ടിവയ്ക്കുന്നതിന് തീരുമാനിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

5.01.2022 ലെ 7(1)-ാം നം തീരുമാനത്തിൽLAR 05 /2004മേൽ ബഹു:ആറ്റിങ്ങൽ സബ് കോടതി 22.11.2016 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൻറെ അടിസ്ഥാനത്തിൽ അഡീഷണൽ എൽ.എ യൂണിറ്റ് തഹസിൽദാർ ,തിരുവനന്തപുരം 14 .12 .2021 ലെ A 7 -306 / 09 -ാം നമ്പരായി ലഭ്യമാക്കിയ നഷ്ടപരിഹാര നിർണ്ണയ സ്റ്റേറ്റ്മെൻറ് പ്രകാരം5789201 രൂപയാണ് ഇനി പഞ്ചായത്തു അടവാക്കാൻ ഉള്ളതെന്നും കൂടാതെ LAR 01/ 04 നമ്പർ കേസിൽ 05 .08.2021ലെ A 7 -107/ 2010-ാം നമ്പർ കത്ത് പ്രകാരം 30 / 11 / 2021 വരെ 25200/- രൂപ പലിശ ഇനത്തിൽ അടവാക്കാൻ ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

11.01.2022 ൽ എ1-407/2022 നം. കത്തു പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയ കത്തിൽ 5/04 കേസിൽ 5789201/- രൂപയും 01/04 നം. കേസിൽ 25200/- രൂപ പലിശയിനത്തിലും തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നതിന് അനുമതി നൽകുന്നതിന് പഞ്ചായത്ത് അപേക്ഷിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ തുക അടവാക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമായിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുത്ത വിഷയത്തിൽ ആകെ എത്ര കേസുകൾ നിലവിലുണ്ടെന്നും ഓരോ കേസിലും നാളിതുവരെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആകെ എത്ര രൂപയാണ് അടവാക്കേണ്ടതെന്നും പഞ്ചായത്തിൽ ഈയിനത്തിൽ ആകെ എത്ര രൂപ കോടതിയിൽ അടവാക്കിയിട്ടുണ്ടെന്നും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കോടതി വിധിക്കനുസൃതമായി പുന:പരിശോധിച്ച കാൽക്കുലേഷൻ സ്റ്റേറ്റുമെന്റ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത്

പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 26/30.10.23 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞവയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

സ്യൂട്ട് രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നും തന്നെയില്ല. സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമായും വരുത്തി കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിൽ എത്തിക്കൽ-വാഹനവാടക-ടെണ്ടർക്ഷണിച്ചോയെന്നതിൽ വ്യക്തതയില്ല.

വൌച്ചർ പരിശോധിച്ചതിൽ പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിന് എല്ലാ മാസവും വാഹനവാടകയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ

| വൌച്ചർ നം. തീയതി | ചെക്ക് നം | തുക | റിമാർക്സ് |
|---|---|---|---|
| 22200090/31.5.22 | 869236 | 9230 | പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ശ്രീ.ജീവൻ എന്ന വ്യക്തിയ്ക്ക് നൽകിയത് |
| 22200139/13.6.22 | 869863 | 3520 | |
| 22200426/23.8.22 | 912359 | 13270 | |
| 22200491/15.9.22 | 912642 | 10200 | |
| 22200730/22.11.22 | 912959 | 8940 | |
| 22200881/28.12.22 | 913344 | 9210 | |
| 22201012/21.01.23 | 913787 | 9945 | |
| 22201310/8.3.23 | 915198 | 10400 | |
| 22200600/14.10.22 | 912708 | 8250 | |

പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ 82965/- രൂപ വാഹനവാടകയിനത്തിൽ നൽകിയിട്ടുണ്ട്. സ്റ്റോർ പർച്ചേയ്സ് ചട്ടം ഖണ്ഡിക 7.6, 7.31 എന്നിവ പ്രകാരം 15000 രൂപയ്ക്ക് മുകളിൽ 100000 രൂപ വരെയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ മേൽ അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാധനങ്ങൾ കളവു പോയി-തുടർനടപടി വിവരം ലഭ്യമല്ല

8.6.22 ലെ അജണ്ട 13 തീരുമാനം 1 പ്രകാരം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, ആർട്ട് ഗ്യാലറി എന്നിവിടങ്ങളിലെ യോഗങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിനായി പഞ്ചായത്തിനറെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന അഹൂജ കമ്പനിയുടെ ചെറിയ ബോക്സുകൾ, ഒരു ആമ്പ്ലിഫയർ, മൈക്രോഫോൺ എന്നിവയിൽ ചിലതും കമ്മ്യൂണിറ്റി ഹാൾ ക്ലീനിംഗിന് ഉപയോഗിച്ചിരുന്ന കൈവണ്ടിയും കാണാതായതായി പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിൻറെ നിലവിലുള്ള സ്ഥാവരജംഗമ വസ്തുക്കളുടെ കൃത്യമായ കണക്കെടുക്കുന്നതിന് ജീവനക്കാർക്ക് ചുമതല നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും നഷ്ടപ്പെട്ടവയുടെ വിവരം അതോടൊപ്പം ശേഖരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 38ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൻമേൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടോ, സ്വീകരിച്ച തുടർനടപടികൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-45 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ഭരണസമിതി തീരുമാനത്തിന്റെ തുടർനടപടി വിവരം

**ലഭ്യമല്ല**

20.9.2022 ലെ അജണ്ട 2 തീരുമാനം 4 പ്രകാരം 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി 9 മോണിറ്ററുകളും ഒരു ലാപ്പ്ടോപ്പും വാങ്ങിയതിൽ, മോണിറ്ററുകൾക്ക് അടവാക്കേണ്ടിയിരുന്ന 75726 രൂപയിൽ 42572 രൂപ, ലാപ്പ്ടോപ്പ് സപ്ലൈ ചെയ്ത വെണ്ടറായ Sound Solutions എന്ന സ്ഥാപനത്തിൻറെ അക്കൗണ്ടിലേക്ക് തെറ്റായി ക്രഡിറ്റ് ചെയ്തതായും പഞ്ചായത്തിൻറെ എസ്.ബി.ഐ തട്ടത്തുമല ബ്രാഞ്ചിലെ 37288078872 അക്കൗണ്ട് നമ്പറിലുള്ള ഇ-പേയ്മെൻറ് അക്കൗണ്ടിലേക്ക് 08/07/2022 ൽ Sound Solutions തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിലും, പ്രസ്തുത അക്കൗണ്ട് കറണ്ട് അക്കൗണ്ടായതിനാൽ ആയതിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്നതിന് കാലതാമസമുണ്ടാകുമെന്നതിനാൽ 42572/- രൂപ അടിയന്തിരമായി ഗ്രാമപഞ്ചായത്തിൻറെ 020041201200027 എന്ന കേരള സ്റ്റേറ്റ് കോപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡ് അക്കൗണ്ടിൽ നിന്നും Future Electronics എന്ന സ്ഥാപനത്തിൻറെ Uco Bank അക്കൗണ്ടിലേക്ക് (Acc No:01100210004562 , IFSC-UCBA0000110) അനുവദിച്ച് നൽകുന്നതിനും, പ്രസതുത തുക എസ്.ബി.ഐ തട്ടത്തുമല ബ്രാഞ്ചിൻറെ ഇ-പേയ്മെൻറ് അക്കൗണ്ടിൽ നിന്നും കേരള സ്റ്റേറ്റ് കോപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38/31.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-46 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ കുടിശ്ശിക-സർക്കാർ അനുമതി ലഭ്യമായോയെന്ന് വ്യക്തതയില്ല

13.3.2023 ലെ അജണ്ട 6 തീരുമാനം 1 പ്രകാരം അഞ്ച് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ കുടിശ്ശിക വരുത്തിയിട്ടുള്ളതിനാൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതാണെന്ന് അറിയിച്ചുകൊണ്ട് കെ.എസ്.ഇ.ബി. യിൽ നിന്ന് കത്ത് ലഭിച്ചിട്ടുള്ളതായും വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃ ഗ്രൂപ്പുകൾ തന്നെ വഹിക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിന് അടയ്ക്കാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ സർക്കാരിന്റെ അനുമതി തേടുന്നതിന് തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38/31.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശവും തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-47 സകർമ്മ മിനിട്സ്- യഥാസമയം അംഗീകാരം തേടുന്നില്ല

കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമങ്ങൾ) ചട്ടങ്ങൾ, ചട്ടം 25(8) പ്രകാരം യോഗനടപടിക്കുറിപ്പിന്റെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ സകർമ്മ മിനിട്സ് പരിശോധിച്ചതിൽ മാസങ്ങൾക്കു ശേഷമാണ് യോഗനടപടിക്കുറിപ്പിന്റെ നക്കൽ സെക്രട്ടറി ,അധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതായി കാണുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. 23.12.2022 ലെ മിനിട്സ് അംഗീകാരത്തിനായി അയച്ച തീയതി 26.05.23

B. 3.1.23 ലെ മിനിട്സ് അംഗീകാരത്തിനായി അയച്ച തീയതി 27.07.23

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 38/31.10.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-48 ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ- ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | SO 102/23 -ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ |
| അടങ്കൽ തുക | 24000- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ആകെ ചെലവ് തുക | 22000/- |
| ബിൽ നമ്പർ | 87/ 17-09-2022-10000<br>122/ 27-10-2022- 2000<br>158/ 14-11-2022- 2000<br>337/ 09-02-2023-4000<br>370/ 20-02-2023- 2000<br>393/ 01-03-2023- 2000 |
| നിർവഹണം | മെഡിക്കൽ ഓഫീസർ, |

| | |
|---|---|
| | പി.എച്ച്.സി |

ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും സബ്സെന്ററുകളിൽ പോയി പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിന് വാഹനം വാടകയ്ക്കെടുക്കുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ഏപ്രിൽ മുതൽ ഫെബ്രുവരി വരെയുള്ള വാഹന വാടകയായി 22000 രൂപ നൽകിയിട്ടുണ്ട്. വാഹനം വാടകയ്ക്കെടുത്തതിന്റെ ക്വട്ടേഷൻ സംബന്ധിച്ച ഫയൽ , കരാർ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം 48/2022-23, തീയതി 01.11.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-49 വയോജനങ്ങൾക്ക് കട്ടിൽ -വിതരണം പൂർത്തിയാക്കിയില്ല- 12560/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO 132/23 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | വികസന ഫണ്ട് SCP- 487200 |
| ചെലവ് | 408200 |
| ബിൽ നമ്പർ | 461/ 17-03-2023- 125600<br>486/ 28-03-2023- 125600<br>528/ 31-03-2023 - 157000 |
| നിർവ്വഹണം | അസ്സി. സെക്രട്ടറി |

നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങളുടെയും വയോജനങ്ങളല്ലാത്ത ശയ്യാവലംബരായ നിർദ്ധന രോഗികളുടെയും ക്ഷേമത്തിനായി യൂണിറ്റ് ചെലവ് 4350/- രൂപയിൽ അധികരിക്കാത്ത വിധത്തിലുള്ള 1.98 M നീളവും 90 Cm വീതിയും 60 Cm മുൻകാൽ 50 Cm പിൻകാൽ 8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചതോ മരത്തടി സ്റ്റീലിൽ പണിതതോ ആയ കട്ടിൽ വാങ്ങി നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത് .

പദ്ധതി പ്രകാരം 3140/- രൂപാ നിരക്കിൽ ഇൻവോയിസ് നം 132/09.03.2023 പ്രകാരം 40 എണ്ണവും 136/15.03.2023 പ്രകാരം 40 എണ്ണവും ഇൻവോയിസ് നം 148/28.03.2023 പ്രകാരം 50 എണ്ണവും ഉൾപ്പെടെ ആകെ 130 കട്ടിലുകൾ കൈപ്പള്ളിൽ ഇൻഡസ്ട്രീസിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 126 പേർക്കാണ് കട്ടിൽ വിതരണം ചെയ്തതായി കാണുന്നത്. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഉണ്ടായിട്ടും ശേഷിക്കുന്ന 4 കട്ടിൽ വിതരണം ചെയ്യാത്തതിന്റെ കാരണം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 54/2022-23, തീയതി 02.11.2023) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 4 കട്ടിലുകളുടെ ചെലവ് തുകയായ 12560/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-50 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -169554/- രൂപയുടെ മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0041/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 350000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 350000 |
| ബിൽ നമ്പർ | 339/02-2-2023 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹ 350000/- ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ലഭ്യമായ മരുന്നിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | തുക |
|---|---|
| എൽ എഫ് 876/05.08.2022 | 180446 |

മേൽ പ്രകാരം തുക കൈമാറിയതിൽ 180446/- രൂപക്കുള്ള മരുന്ന് ലഭിച്ചതിന്റെ വിശദാംശം മാത്രമെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കി 169554/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമായതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 24/22-23, 30.10.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. 169554/- രൂപയുടെ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-51 കേദാരം നെൽകൃഷി- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 142/23 |
| പ്രോജക്റ്റിന്റെ പേര് | കേദാരം ,സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | 393600 |

| | |
|---|---|
| | (വികസന ഫണ്ട്-ജനറൽ – 117000/-<br>ബ്ളോക്ക് വിഹിതം 113050/-<br>ജില്ലാ വിഹിതം 113050 /-+മറ്റുള്ളവ 50500) |
| ചെലവ് | 117000+113050+113050+(വികസന ഫണ്ട്-ജനറൽ+ ബ്ളോക്ക് വിഹിതം+ജില്ലാ വിഹിതം+) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ഓഡിറ്റ് എൻക്വയറി നം | 42/1-11-23 |

അടയമൺ, പാപ്പാല, നവചൈതന്യ പാടശേഖര സമിതി എന്നീ പാടശേഖരങ്ങളിൽ ഉൾപ്പെടുന്ന പ്രദേശത്ത് ഒന്നാം വിളയും രണ്ടാം വിളയുമായി 15 ഹെക്ടറിൽ നെൽകൃഷി നടപ്പാക്കുന്നു. ഒന്നും രണ്ടും വിളകൾക്കായി 100% സബ്സിഡിയിൽ നെൽ വിത്തും ജൈവ വളത്തിന്റെ സബ്സിഡിയായി പരമാവധി ഹെക്ടറിന് 4500 രൂപയും കൂലി ചെലവ് സബ്സിഡിയായി ഹെക്ടറിന് 8500 രൂപ ബ്ളോക്ക് വിഹിതവും 8500 രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശാധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. മേൽ ബില്ലുകളിൽ നിന്നുമായി 300 സെന്റിൽ കൃഷി ചെയ്യുതിന് കിളിമാനൂർ ബ്ളോക്ക് പഞ്ചായത്ത് കാർഷിക കർമ്മ സേനക്ക് 54180 രൂപ നൽകിയിട്ടുണ്ട്. അബ്ദുൾ മജീദ് മകൻ സിറാജ് ,സൗമ്യമോൾ , തൊയ്ബ നിസാ ബീഗം എന്നീവ്യക്തികളുടെ പേരിലുള്ള ഭൂമിയുടെ കരം അടവാക്കിയ രസീതാണ് ഫയലിൽ വച്ചിരിക്കുന്നത്. എല്ലാ രസീതികളും 2020-21 വർഷത്തെയാണ്. 2022-23 വർഷത്തെ രസീതി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.കാർഷിക കർമ്മ സേനയ്ക്ക് 300 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുതിനുള്ള ആനുകൂല്യം ആണ് അനുവദിച്ചിരിക്കുന്നത്. രേഖകൾ പരിശോധിച്ചതിൽ 207. 80 സെന്റ് ഭൂമിയുടെ കരം അടച്ച രസീത് ആണുള്ളത്.
2.സരസ്വതി .ജി.എസ് W/O ദിവാകരൻ , ദിലീപ് മന്ദിരം ,അടയമൺ. എന്ന വ്യക്തിക്ക് 75 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുതിന് 6292രൂപ നൽകിയിട്ടുണ്ട്. ടിയാരി പാട്ടകൃഷി നടത്തിയിരിക്കുന്നത് ടിയാളുടെ മകനായ ഉല്ലാസ്, S/O ദിവാകരൻ, ദിലീപ് മന്ദിരം, അടയമൺ -എന്നവരുടെ സ്ഥലത്താണ്.
3. മുംതാസ്. എസ്. മുഹസിന മൻസിൽ, മിഷൻ കുന്ന് അടയമൺ എന്ന വ്യക്തിക്ക് കൃഷി ചെയ്യുതിന് 2924 രൂപ നൽകിയിട്ടുണ്ട്. ടിയാരി പാട്ടകൃഷി നടത്തിയിരിക്കുന്നത് ടിയാളുടെ ഭർത്താവായ സലിം, സെയ്ദ് കണ്ണ്,മുഹസിന മൻസിൽ അടയമൺ, ന്റെ പേരിലുള്ള സ്ഥലത്താണ്.
14-ം പദ്ധതി സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 9A പ്രകാരം കുടുംബാംഗങ്ങളുടെയോ ബന്ധുക്കളുടെയോ ഭൂമിയിൽ പാട്ട കൃഷി ചെയ്യാവുന്നതല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടിയാരിയുടെ മകൻ ,ഭർത്താവ് എന്നിവർ സ്ഥലത്തില്ലാത്തതിനാലാണ് മേൽ പറഞ്ഞവ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്.
4.ഷൈലജ ബീവി .എസ്. പൊന്നു നിവാസ് , ഞാവേലിക്കോണം എന്ന വ്യക്തിക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് രസീത് നം KL 01022206044/22 DT-25-5-2022 തണ്ടപപേർ നം 1987 പ്രകാരം ഭൂമിയുടെ തരം പുരയിടം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നെൽകൃഷിക്കുള്ള ആനുകൂല്യം രേഖകൾ പ്രകാരം “നിലം' ആയി രേഖപ്പെടുത്താത്ത ഭൂമിക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല.

5. പ്രേം കുമാർ.ആർ , കല്ലടക്കൽ, കിളിമാനൂർ എന്ന വ്യക്തിക്ക് 50 സെന്റിൽ നെൽ കൃഷി ചെയ്യുതിന് ഒന്നാം വിള, രണ്ടാം വിളകൾക്കായി 5200 രൂപ ധന സഹായം ലഭിച്ചിട്ടുണ്ട്. ഭൂമി സംബന്ധിച്ച രേഖകൾ ഫയലിലില്ല.രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കിയ രേഖകളിൽ ( രസീത് നം-kL01022204671/2023 DT-24-5-23 തണ്ടപ്പേർ നം 3085)ഭൂമിയുടെ തരം രേഖപ്പെടുത്തിയിരിക്കുന്നത് പുരയിടം എന്നതാണ്. നെൽകൃഷിക്കുള്ള ആനുകൂല്യം രേഖകൾ പ്രകാരം “നിലം' ആയി രേഖപ്പെടുത്താത്ത ഭൂമിക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല.

മേൽ രേഖപ്പെടുത്തിയ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ ക്രമ നം 1 പ്രകാരമുള്ള പരാമർശത്തിന് ഭൂവുടമകൾ സ്ഥലത്തില്ലാത്തതിനാലാണ് തന്നാണ്ടത്തെ കരം അടച്ച രസീതുകൾ ലഭ്യമാകാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തന്നാണ്ടത്തെ കരം അടച്ച രസീതുകൾ ലഭ്യമാക്കാത്തതിനാൽ നിലവിലും ടി ഭൂമി പരാമർശ പ്രകാരമുള്ള വ്യക്തികളുടെ പേരിലാണോ എന്നത് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്. ക്രമ നം 4, 5 എന്നിവ പ്രകാരമുള്ള പരാമർശങ്ങൾക്ക് ലഭ്യമാക്കിയ മറുപടി ഓഡിററിൽ അംഗീകരിക്കുന്നില്ല. രേഖകൾ പ്രകാരം “പുരയിടം” എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ നെൽകൃഷി ചെയ്യുതിന് ആനുകൂല്യം അനുവദിക്കാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ് .

## 1-52 ലൈഫ് – നിർമ്മാണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 123/22-23 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവനപദ്ധതി - ജനറൽ - മൂന്നാം ഘട്ടം - ഭൂരഹിതർക്ക് ഭൂമി വാങ്ങൽ |
| അടങ്കൽ | 11200000 (1200000 വി ഫ ജ, 2800000 സംസ്ഥാനവിഷ്കൃതം, 840000 ബ്ലോ പഞ്ചാ വി, |

| | |
|---|---|
| | 840000 ജില്ലാ പഞ്ചാ വി, 5520000 മറ്റുള്ളവ) |
| ചെലവ് | 8100000(1200000 വി ഫ ജ, 1500000 സംസ്ഥാനവിഷ്കൃതം, 840000 ജില്ലാ പഞ്ചായത്ത് വിഹിതം, 4560000മറ്റുള്ളവ) |
| നിർവ്വഹണം | വി ഇ ഒ - I |

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ വീട് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | ആകെ അനുവദിച്ച തുക | അവസാന ഗഡു അനുവദിച്ച തീയതി |
|---|---|---|---|
| 1 | സുലോചന (26) | 200000 | 28.02.2023 |
| 2 | പത്മാവതി (27) | 40000 | 02.11.2022 |

ഗുണഭോക്താക്കൾ ചമച്ച കരാർ പത്രികയിലെ ഇനം 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ് എന്ന വ്യവസ്ഥയുള്ള സാഹചര്യത്തിൽ മേൽ സമയ പരിധിയിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. മേൽ ഗുണഭോക്താക്കൾ കരാർ വച്ച് ഭവനനിർമ്മാണം ആരംഭിച്ചുവെങ്കിലും ഗുരുതര രോഗബാധയുണ്ടായതിനാൽ നിർമ്മാണം തുടരുവാൻ കഴിയാത്ത സാഹചര്യമാണെന്നും രോഗശമനം ഉണ്ടാകുന്ന മുറയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചു. (ഓഡിറ്റ് എൻക്വയറി നം 62/2022-23, 02.11.2023)

## 1-53 കമ്മറ്റി തീരുമാനത്തിൻ മേലെടുത്ത തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും 2022-23 വർഷം സ്പിൽ ഓവർ ആയി തുടരുന്നതുമായ 8,80,000/- രൂപ വകയിരുത്തിയിട്ടുള്ള പ്രോജ.നം.26/2023 ആദിച്ചൻവിള മഞ്ഞപ്പാറ റോഡ് മെയിന്റനനൻസ് എന്ന പൊതുമരാമത്ത് പ്രവൃത്തി എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ ആരംഭിക്കാത്ത സാഹചര്യത്തിൽ ടിയാളുടെ എഗ്രിമെൻറ് ക്യാൻസൽ ചെയ്ത് പ്രവൃത്തി റീടെൻഡർ ചെയ്യുന്നതിനും ടിയാൻ ഓടുക്കിയിട്ടുള്ള പെർഫോർമൻസ് ഗ്യാരൻറി പഞ്ചായത്തിലേക്ക് കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി 14-11-22 ലെ അജണ്ട-1 തീ-6പ്രകാരം തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം -56/2-11-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-54 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - നടപടി അനിവാര്യം

സ.ഉ (കൈ)നം. 84/ 2022/ തസ്വഭവ തീയതി 19.04.2022 ഖ8.8.2 (1), (2) എന്നിവ പ്രകാരം പതിനാലാം പഞ്ച വത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും കൂടാതെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൌകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പറയുന്നു. തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിന്റെ 3-9-2010 ലെ നമ്പർ 39033/ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ മേൽ പരാമർശിച്ച ഫണ്ടിൽ 912654/- രൂപ അവശേഷിക്കുന്നതിൽ 2023-24 വർഷം 350000/- രൂപ അനുപൂരക പോഷകാഹാരത്തിന് വകയിരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി (നം 30/2022-23,30.10.23)ക്ക് മറുപടി നൽകി. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തു ന്നതിനായി പ്രോജക്ടുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 30/2022-23,30.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ ആകെ 27 അങ്കണവാടികൾ ഉള്ളതിൽ 20 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഉള്ളതായി അറിയിച്ചു. കൂടാതെ രണ്ട് (40,51)അങ്കണവാടികൾക്കുള്ള കെട്ടിടം പണി നടക്കുന്നുവെന്നും രണ്ട് (47,55)അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തുകയും കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. AWC No. 46,58,59 എന്നീ അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നതായും അറിയിച്ചിട്ടുണ്ട്. മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-55 ദുരന്തനിവാരണ പ്രവർത്തനങ്ങൾ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ദുരന്തനിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

5)ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി

ഇത്തരം പരിപാടികൾ 2022-23 വർഷം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 50 /2022-23, 01.11.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ദുരന്തനിവാരണ പദ്ധതി തയ്യാറാക്കേണ്ടതും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-56 ആസ്തി സംരക്ഷണം -വിവരങ്ങൾ ലഭ്യമല്ല.

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 84/തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പുതിയ ആസ്തികൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയ ആസ്തികൾ, ആസ്തികളുടെ അവസാന മെയിന്റനൻസ് നടത്തിയത് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7/ 25-10-23 ന് മറുപടി ലഭ്യമാക്കിയില്ല. ആസ്തി സംരക്ഷണം സംബനധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | | | |
| | | ഹരിത ഭവനം(145) | -- | 70000 | 70000 | |
| ജില്ലാപഞ്ചായത്ത് | | ക്ഷീര സമൃദ്ധി (ജനറൽ) (പ്രോ.നം 86) | -- | 22053 | 22053 | -- |
| | | സ്നേഹസ്പർശം (പ്രോ.നം 55) | -- | 406125 | 406125 | -- |
| | | കേദാരം (പ്രോ.നം 142) | -- | 113050 | 113050 | -- |
| | | ലൈഫ് (എസ്.സി) (പ്രോ.നം 119) | -- | 420000 | 420000 | |
| | | ലൈഫ് (ജനറൽ) (പ്രോ.നം 123) | -- | 840000 | 840000 | -- |
| | | ലൈഫ് 2020 (എസ്.സി) (പ്രോ.നം 194) | -- | 1400000 | 1400000 | |
| | | **ആകെ** | **--** | **3271228** | **3271228** | **--** |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | ക്ഷീര സമൃദ്ധി (ജനറൽ) (പ്രോ.നം 86) | -- | 44738 | 44738 | -- |
| | | സ്നേഹസ്പർശം (പ്രോ.നം 55) | -- | 406125 | 406125 | -- |
| | | കേദാരം (പ്രോ.നം 142) | -- | 113050 | 113050 | -- |
| | | ലൈഫ് (എസ്.സി) (പ്രോ.നം 119) | -- | 420000 | 420000 | |
| | | ലൈഫ് 2020 (എസ്.സി) (പ്രോ.നം 194) | -- | 400000 | 400000 | |
| | | ലൈഫ് 2020 (എസ്.സി.അഡീഷണൽ) (പ്രോ.നം 194) | -- | 240000 | 240000 | |
| | | **ആകെ** | **--** | **1623913** | **1623913** | **--** |

**നീക്കിയിരിപ്പ് വിവരങ്ങൾ**

| | 21-22 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 22-23 RP 7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | 22-23 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 31026 | **3271228** | 3302254 | **3271228** | 31026 |
| ബ്ലോക്ക് പഞ്ചായത്ത് | 567357 | **1623913** | 2191270 | **1623913** | 567357 |

| | | | | | |
|---|---|---|---|---|---|
| വിഹിതം | | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| | | | | |
| KWA | 191-ടേക്ക് എ ബ്രേക്ക് -ടോയ് ലറ്റിലേക്ക് വാട്ടർ കണക്ഷൻ | 66800 | 0 | 66800 |
| | **ആകെ** | 66800 | **0** | 66800 |
| KSEB | പ്രോജക്ട് നം. 174<br>പൊതു മരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ്/ഇലക്ട്രിക്ക് ലൈൻ സ്ഥാപിക്കൽ | 86610 | 0 | 86610 |
| | പ്രോജക്ട് നം. 13<br>സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | **985040** | | **985040** |
| | **ആകെ** | **1071650** | **0** | **1071650** |
| GWD | പ്രോജക്ട് നം. 116<br>കുറവൻ കുഴിയിൽ കുഴൽ കിണർ നിർമ്മാണം | **85624** | | **85624** |
| | പ്രോജക്ട് നം. 11<br>പഞ്ചായത്ത് ഓഫീസിലും ബസ് സ്റ്റാന്റിലും ഞാവേലി കോണത്തും കുഴൽ കിണർ നിർമ്മാണം | **259687** | | **259687** |
| | **ആകെ** | **345311** | | **345311** |

· **നീക്കിയിരിപ്പ് വിവരങ്ങൾ**

| | 21-22 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 22-23 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | യഥാർഥത്തിലുള്ള നീക്കിയിരിപ്പ് | 22-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| KWA | **4642830 | 66800 | 4709630 | | 4709630 | 4001100 |
| KSEB | 509041 | **985040** | 1494081 | 0 | 1494081 | 1494081 |
| GWD | 232710 | **345311** | **578021** | 0 | **578021** | **578021** |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

**ഇല്ല.**

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC | 5792788 | 11170000 | 1527423 | 15435365 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

**ഇല്ല.**

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരു വിവരം | രസീത് നം/ തീയതി |
|---|---|---|---|---|
| 2013-14 | ഖണ്ഡിക-3-7 | 3540/- | രാജൻ,അസിസ്റ്റന്റ് എഞ്ചിനീയർ | 122020235/17.8.22 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | വർഷം | | | |
|---|---|---|---|---|---|
| 2003-04 | 3(4) | 2005-06 | 2.2.1 | വി.ഇ.ഒ നിർവഹണദ്യോഗ സ്ഥാനായി നിർവഹിച്ച 1763175/- രൂപയുടെ പദ്ധതി ചെലവിൽ 1313000/- രൂപയുടെ ചെലവ് രേഖകൾ ഇല്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

**ഇല്ല.**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 18237809. |
| ഓഡിറ്റ് വർഷത്തെ വരവ് | 83207964 |
| ആകെ | 63955192 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 63244715 |
| നീക്കിയിരിപ്പ് | 18948286 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **239976** |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**(സി) ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-22 | 26993 | ഡോ.ചിന്ത സുകുമാരൻ,മെഡിക്കൽ ഓഫീസർ,പി എച്ച് സി |
| 1-31 | 1,43,100 | മിനി.ജി, സെക്രട്ടറി |
| 1-32 | 57323 | മിനി.ജി, സെക്രട്ടറി |
| 1-49 | 12560 | കൃഷ്ണകുമാർ.എസ്.എസ്,അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **239976** | |

***(ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

***(ഇ)* നഷ്ടം നിജപെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല.**

***(എഫ്)* റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| ക്രമ നം | പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ.ചിന്ത സുകമാരൻ | എഫ് എച്ച് സി അടയമൺ | TC/19/302 /3/VPS/324 വട്ടവിള തിരുമല പി ഒ |
| 2 | മിനി.ജി, സെക്രട്ടറി | നിലവിൽ അവധിയിലാണ് | നീലമന, മടക്കുനട ലെയിൻ,ശ്രീകാര്യം |
| 3 | കൃഷ്ണകുമാർ.എസ്.എസ്,അസിസ്റ്റന്റ് സെക്രട്ടറി | പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത് | ദ്വാരക,താളിക്കുഴി പി ഒ പുളിമാത്ത് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 2<br>(2-24, 2-38) |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 1<br>(2-8) |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 3<br>(2-5, 3-4, 3-12) |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 2<br>(3-1, 3-7) |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 1<br>(3-18) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 3<br>(3-7-2, 3-8, 3-10) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 1<br>(3-4) |
| 2010-11&<br>2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 4<br>(3-1, 3-7, 3-16, 3-18) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 3<br>(2-3, 3-3, 3-8) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 2<br>(3-5, 3-6) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 4<br>(2-1, 2-4, 3-5, 3-7) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 1<br>(3-1) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 3<br>(2-1, 2-3, 3-5) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/464/2019 തീയതി. 30.11.2019 | 9 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/2047/2019 തീയതി. 14.01.2020 | 42 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.9/1735/2021 തീയതി. 18.01.2022 | 49 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.9/844/2022 തീയതി. 21.06.2022 | 30 |
| 2021-22 | കെ എസ് എ റ്റി വി എം /ജി പി.11/203/2023 തീയതി. 18.03.2023 | 57 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 11-08-2023 and submitted on 16-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pazhayakunnummel Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pazhayakunnummel Grama Panchayat for the year 2022-2023

**Date: 21/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pazhayakunnummel Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Deficit Balance has been recorded as per Income and Expenditure Statement- There is a deficit of Rs. 2205370/- for the financial year which is to be explained.

2. Discrepancies in carring forward of the closing balance for the bank account - Closing balance of SBI e-Payment Account for 2021-22 ( Rs. 803090/-) does not agree with that of the opening balance of the same in 2022-23 (803105/-). The difference is to be explained.

**2.Other Observations**

1. Lapse in timely submission of Annual Financial Statement for audit (within four months of the close of the financial year).

2. The financial ratios, notes on accounts are not submitted for audit.

3.Statement for verifying the accuracy of excess of income over expenditure not provided with B-1 Schedule of Balance Sheet.

4. Lapses in making timely and accurate demand entries in respect of tax revenue.

5. The valuation of stock and stores has not been verified and recorded at the end of the financial year and in the B-14 Schedule of Balance Sheet underStock in hand (inventories).

6. Cash flow statement-Net increase/decrease in cash and cash equivalents(710477) doesnot match with the net cash generated through operating, financing and investing activities(37211514)

7. Closing balance of Literacy Scheme Grant in B 4 Schedule does not agree with the amount recorded in B-17 and RP 40 b Schedules.

8. Non disclosure of expenses due- Expenses due such as honorarium for members, fuel expenses due in the current financial year are not included in balance sheet as provision of expenses due (B-9).

9. The amount of Rs. 2638472/- given as part bill for capital work as per the statement submitted by A E is not included in Capital Work in Progress Schedule [B-11(b)].

10. Difference of Rs 24/-in MGNREGS Account, The administrative expense as per I 14 F Schedule and MGNREGS cash book has a difference of Rs 24/-.

11. Misclassification of receipt voucher. A Receipt of Rs 250 collected as Audit Recovery wrongly entered in RP-4 Other Fees

12. Expenditure incurred in connection with Marriage assistance to widowÂÂÂs daughterÂÂÂs marriage Rs.60000/- is not included in I-6 Schedule of Annual Financial Statement..

13. An Amount of Rs 46675/- which was wrongly posted in B-12 Investments- Equity Shares during 2021-22 still shown as balance in the Balance sheet B-12 Schedule.

14. The closing balance of Contractors Security Deposits amount as per deposit register does not tally with the amount recorded in AFS.

15. DCB Statement of property tax does not match with the respective amounts in the AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്